Mark McCormack, in his book "The 110% Solution", states that he does not think people should read the Newspaper in the morning. For me it is a revolutionary idea. He believes that they are just getting information that is available to everyone and are therefore formulating their plans based on common knowledge. McCormack says that leaders are responsible for having *uncommon or new* knowledge. He spends his morning not in reading all possible newspapers but meditating how best to serve the needs of the day. *He reads the newspaper in the evening,* after he has done everything he can think of, to do something noteworthy, for himself, his family, or his organisation.[5]

In our country, negative information is free. Positive information you have to innovate and create. Let us take the WhatsApp culture emerging in our communities. Most of us are busy (including me) in sharing and sending the information we have already received from others. Very few of us are bothered to create new and positive information and share and we are happy to spend our quality time for this useless exercise. So let us resolve today that we shall not carry our Mobiles with WhatsApp to the liturgical ceremonies as well us during the public functions. Remember, people are watching us! Jesus did not follow the crowd. He led from the front like a "Good Shepherd". *He did not report the news. He made it happen.* He was an amazing story teller. Some of his best stories are beautifully adapted and narrated by our fellow-priests in the pulpits because of its inspiring message which goes beyond time and space.

---

[5] JONES, ibid, page 101-102.

Every organization needs one core competence: *Innovation.* Every organization needs a way to record and appraise its innovative performance.[6] The greatest asset of our Congregation is the human resources – our members – their creative performance is the most effective tool in our mission – spreading the Good News of the Gospel till the end of the world. Jesus was innovative and creative in his teachings as well as in his performing miracles and the events of his life. Jews wanted to trap him: But see Jesus answered well. “Give to Cesar what belongs to him and give to God what belongs to God. When Pharisees questioned that Jesus is not paying the Temple Tax, he told Peter, “Go to the seashore, catch a fish and you will find a coin inside its throat and pay the tax”. When the Sadducees started the dispute on the Resurrection, Jesus told them, “In heaven there is no marriage, people live like angels”. When the Jews wanted to stone and kill the woman caught in adultery, he said to them, “Let those who have not sinned, take the first stone and throw it”. Jesus found always a way out because he was innovative and creative. He delegated his disciples in the same manner and they went to the end of the world and brought radical changes. If you believe you have a just cause, or an important message, or a key contribution to make, you will be just as innovative as a fresh college student desperate to see his girlfriend six hundred miles away. You will get there anyway, and you can.[7]
*Steve Jobs'* path was never predictable. He was given up for adoption at birth, he dropped out of college after one semester, and at the age of twenty-one he created Apple in his parent's garage with his friend Steve Wozniak.

Quickly rising to the top of his industry, Jobs pushed all boundaries and cultivated what became the intrinsic hallmark of his genius – his perfectionism, taste and design style. Through Pixar, the iPod, and the iPhone, Jobs revolutionized the major industries of movies, music and phones.[8] Steve Jobs was a philanthropist.

---

[6] DRUCKER, ibid, page 209.

[7] JONES, ibid, page 120.

[8] BLUMENTHAL, Karen, “Steve Jobs, The man who thought different”, Bloomsbury, New York, 2012, p 1-2

In early 1980s, Steve Jobs tried to convince the US Congress to pass a bill to allow Apple to donate one hundred thousand computers to school children. It never got out of the Senate; however, California got on board and Apple ended up donating about ten thousand computers to the state's school. Steve Jobs was loved and hated, intensely admired and widely dismissed. People described him with the strongest words: Showman, Artist, and Genius.[9] Steve Jobs was innovative and his endeavours made a difference in the society.

## 5. The Four competencies of a Leader

The first such competency is the willingness, ability and self-discipline to listen. *Listening* is not *a skill*; but it is *a discipline*. All you have to do is to keep your mouth shut. A good formator needs patience to listen to the seminarians. A good teacher is a good listener of his students. A social worker goes to the village and spends quality time listening to the aspirations, problems, and the burning issues of the people. The second essential competence is the willingness *to communicate*, to make yourself understood. That requires infinite patience. The next important competence is the ability *to reengineering mistakes*. The leader must be bold enough to say, "This won't work; and it should be this way" – "according to our Constitution, or according to the principles of religious life or even according to the teachings of Christ Jesus". The last basic competence is the willingness to realize how unimportant you are compared to the task. *Leaders subordinate themselves to the task.*

Every religious community set aside some time every week to evaluate the report card of the four skills: listening, communicating, reengineering mistakes and subordinating your Ego to the task at hand.[10]

---

[9] BLUMENTHAL, ibid, page, 117.

[10] DRUCKER, ibid, page 113.

Jesus subordinated his ego to the mission entrusted to him by the Father. When, according to the Gospels, John the Baptist's disciples ask him whether he is the one who is to come, he does not answer the question directly, he simply points to the fulfilment of Scripture in what is now happening; "The blind see again, the lame walk, lepers are cleansed, the dead are raised and the Good News is proclaimed to the poor" (Luke 7: 18-22). He does not say, "I give sight to the blind, I enabled the lame to walk, I have healed the lepers, and I have raised the dead". What matters is that people should be healed and people are liberated and saved. Who does it is irrelevant.[11] The task is important not the person who does it.

Jesus wanted his disciples to go out and do the same as he had done. It never occurred to him to stop anyone, even complete strangers, from participating in the work of liberation (Ref: Mk: 9: 38-40). Jesus' only concern was that the people should be liberated. Jesus feels that he is only a servant. God, the heavenly father is liberating the people from their spiritual and physical ailments. This is the *kenosis* of Jesus Christ.

One of the essential aspects of leadership is *teamwork*. The leader provides healing space and invites the subordinates to utilize their gifts and capabilities to heal the wounds of humanity without making them as servants or slaves. They are partners. There is no ego clash. In the parable of the Good Samaritan, the Good Samaritan only wants the wounded victim should be healed at any cost. Who is taking the initiate is not important. He even invites the innkeeper to cooperate with him.

The parable of the Good Samaritan is a good model for smooth and efficient functioning of our communities. All members have a common goal whether it is pastoral care of the faithful or providing best education for the thousands of students in our institutions, or total welfare of the poorest of the poor, the target groups in our social apostolate. The superiorship in our community is not a one-man-

---

[11] NOLAN, Albert, "Jesus before Christianity", Orbis Books, Maryknoll, New York, 1993, page-147-148

show. The work is divided with clear job description and all the members equally participate fulfilling the assignments given to them in time. The leader in our communities must also provide special care for youngsters, sick and the old. Keep your eye of the task, not on yourself. The task matters and you are only a servant.[12]

## 6. Leadership and showing personal integrity

A leader should be a person of *integrity.* Integrity may be difficult to define. But the management should not appoint a person who considers intelligence more important than integrity. It should never promote who is afraid of more talented subordinates.[13]Personal integrity generates trust and is the basis of many different kinds of deposits. Lack of integrity can undermine almost any other effort to create high trust accounts. According to Stephen R. Covey "People can seek to understand, remember the little things and keep their promises but still fail to build reserves of trust.[14] Integrity includes honesty; but goes beyond honest, in other words, *conforming our words to reality*. Integrity is *conforming reality to our words*, in other words, keeping promises and fulfilling expectations.[15]

One of the most important ways to manifest integrity is to be loyal to those who are not present. In doing so, we build the trust of those who are present. When we defend those who are absent, you retain the trust of those present.[16] Nicodemus manifested courage and actually defended Jesus in Sanhedrin in his absence but the members of the high apex body of the Jews did not trust Nicodemus (Ref. John 7: 50-52).

For a person of integrity, *confidence is better than perfection* because perfection means doing the best but confidence means knowing how to handle the worst.

---

[12] DRUCKER, ibid, page 111

[13] DRUCKER, ibid, page 111.

[14] COVEY, Stephen. R. "The Seven Habits of Highly Effective People", Simon & Schuster New York, page, 205-06

[15] COVEY, ibid, page 206.

[16] COVEY, ibid, page 206.

A person of integrity requires *honesty*, *transparency, sincerity* in all his dealings and must set high standards for his own work.

**7. The "Score" in Information Based and Faith Based Organizations**

Many musicians and a conductor can play together an orchestra because they all have the same score: "*healing the inner wounds of millions* of listeners and bringing peace to the disheartened." Similarly, all the specialists in a hospital share a common mission: '*the care and the cure of the sick'*. The diagnosis is their "score"; it dictates specific action for the X-Ray lab, the C.T. Scan, the dietician, the physical therapist, and the rest of the medical team.[17]

The committed consecrated persons as a community has a "score": *establishing the Kingdom of God* or 'total welfare and development of the poorest of the poor' 'or 'providing quality education and basic amenities of life to the down-trodden and the marginalized people of the society'. Hence the educationists, the social workers, the pastors as well as the missionaries in the faith-based organizations work with a clear, simple and common objectives and strategies that translate into particular actions. Each player or each specialist or each committed person has the freedom to improvise so far as it will enhance the performance in their respective fields and there will be periodic and organized feedback that compares results with the performance expectations so that every performer can exercise self-control.

**8. The Leader Prefers to Walk the Extra Mile**

The words that are placed after our names – our titles- establish our boundaries. Some people will not do anything beyond their title or job description. A secretary, for example, might always act like a secretary and will not do anything extra. As a formator I have seen seminarians who do only the work assigned to them.

[17] DRUCKER, ibid, page 171.

For them there is no question of helping their friends in their work sparing their extra time; whereas as Assistant Vice President in a Company actually might do the same tasks but will take more risks and strive to accomplish higher goals.[18] In other words he is ready to walk the "extra mile" as Jesus said in the Sermon on the Mount (Ref. Matt. 5: 38- 41).

Fr Bobby Jose Kattikad narrates an interesting event. His friend Mr. Kannan is CEO of a big IT company in Bangalore city and draws a monthly salary Rs. 40,000/- But his monthly personal expenses is only a meagre Rs. 4,000/-. Morning he eats beaten rice, steamed and boiled rice at noon and at supper times the same beaten rice with banana. He uses public transport to reach his office; he stays in a rented house and wears cheap cotton dress. He saves Rs. 36,000/- per month and utilizes the money to educate six poor students from different religions who are doing professional courses like medicine, engineering, MBA. MCA, B.Sc Nursing etc. He meets their tuition fees, mess fees, expenses for books and other essential materials etc. Bobby says that Mr Kannan forgot to walk the 'first mile' but he is walking the extra mile'.[19] After staying with him for two days, Bobby feels that "*three curries for lunch on the dining table sees a burden.*" How many of us are ready to reduce our personal expenses, simplify the food we eat, change teri-cotton/Jeans dress to cotton etc., and give the money to the poor? Are we ready to walk the "extra mile" as Jesus suggested.

Anna Maria is the only child for a rich couple. She is preparing for her First Holy Communion by attending the preparatory classes conducted by the nuns in her village. Meanwhile her parents are making elaborate plans how to celebrate her First Holy Communion by making expensive white embroidery garment with stitched flowers to wear to receive Jesus and booking a hall in the nearby Mall for giving sumptuous lunch to the invited guests on that day.

---

[18] JONES, ibid, page 181-182.

[19] KATTIKAD Bobby Jose, "*Moonampakkam*" (Malayalam), Theo Books, Kochi, 2012, page 94-95

Anna told and convinced her parents that she would receive Jesus in her school uniform and they had to cancel booking for the hall in the Mall and the lunch on that day would be served for the poor orphans in the nearby Orphanage run by the nuns. Anna Maria was walking the extra mile in her own way.

### 9. Jesus experiences rejection from his own people in Nazareth.

On a Sabbath day, Jesus went to the Synagogue in Nazareth after reading from the Book of Isaiah, (Ref. Luke 4: 16-32) he declared that his ministry would not be done in Nazareth and he would bring his mission to the Gentiles, the Non-Jews. He reminds them of the story of Elijah, the prophet who was not sent to a single Israelite but to a widow in Zarephath and prophet Elisha cured Naman, another non-Jew, of leprosy. The townspeople were furious and wanted to kill him. "Jesus was not acceptable to his own country because his mission extends beyond his own country.[20]

Jesus must have expected that his controversial statement would engender strong, angry and even violent reactions. But Jesus seemed unbothered by their rejection. He experienced rejection but he was prepared to face it. Jesus was fearless, independent and free. Perhaps, this came from his intimate relationship with the Father with whom he was united with prayer. Perhaps it came from his understanding that his mission was of supreme importance, that proclaiming the reign of God, was more important than whether a few people from his home town disagreed with or rejected him.[21]

I often think when I stand to speak before the public: "what would people think? My friends remind me. "Don't say that; it is too controversial; don't do this; people won't like you. In some social gatherings I used to wonder, "What can I say to get people like me".

[20] MARTIN, James, "Jesus, A Pilgrimage, Harper Collins", New York, 2014, page 123-127

[21] MARTIN, ibid, page, 127.

Many times I live with borrowed standards, and looking for their appreciation rather than conveying a strong message that force them to reflect and change their action. I am afraid of expressing myself and to be courageous. Jesus was different from the Pharisees and Sadducees of his time. The immense learning of the Scribes did not impress Jesus. He differed from them without hesitation even when they were far knowledgeable about the details of the Law and its common interpretation.[22] There is nothing in the Gospels that would lead one to think that Jesus opposed everyone in *a spirit of rebellion* for the sake of rebellion or he had *any grudge against the world*. He gives the impression throughout of a man who has the courage of his convictions and a leader independent of others because of his positive insights.

### 10. Jesus' Experience of Rejection by his Companions during the time of his Passion

St John's Gospel Chapter 18 is an enriching chapter from the point of view of leadership at the time of danger and rejection. We don't find the Gethsemane event in John which we come across in the Synoptic Gospels. In Chapter 18 we find Jesus as leader emerged with divine power after the prayer at Gethsemane, to face death as a slavific plan of God. The dark forces, Judas and his Police could not stand before his divine presence, who is the Light of the world and they fell down; the leader Jesus protects his companions at the time of danger. The Compassionate leader heals the wounded ear of a soldier.

The soldiers arrested him and brought him before the high priest. Then the high priest questioned Jesus about his disciples and his teaching. Jesus answered; "I have spoken openly to the world. I have always taught in the synagogues and in the temple where all Jews come together. I have said nothing in secret. Why do you ask me? Ask those who heard what I said to them".

[22] NOLAN, ibid, page, 143.

One of the servants of high priest went to Peter, who was one of the trusted companions of Jesus, and asked to verify what Jesus answered to the high priest, "You were also with Jesus, the man from Nazareth. Peter began to curse, and swore an oath, "I did not know this man (Peter did not say "Teacher", instead said 'this guy', to express his absolute strangeness with Jesus) you are talking about" (John 18: 25-27; Mark 14: 66-72).

Here we *find the irony of being rejected*. Jesus was saying, "Go and ask who heard me". And when they asked his companion, Peter, he totally rejected him. All his disciples abandoned him. Judas betrayed him. People who received his blessings through healing and heard his teaching shouted, "Crucify him". To follow Jesus closely, you have to leave the members of your family as well as your close companions. You have to walk alone to Calvary to die on the cross.[23]

Jesus Christ asked Paul to leave behind three things to be the Apostle of the Gentiles. His r*eligiosity*- firm belief in Torah and Judaism; secondly, *his best companion*, Bernabas. Paul said to Barnabas, "Come let us visit our believers" Bernabas wanted John Mark to be taken with them. Paul disagreed. The disagreement was so sharp that they parted the company" (Acts: 15: 36-39). Thirdly, Paul has to *detach from his own life* to be a martyr of Christ.

## 11. Conclusion

When we try to understand Jesus without any preconceived ideas and within the context of his time, what begins to emerge is a man of extraordinary independence, immense courage and unparalleled authenticity.[24] We have to learn leadership secrets from Jesus. He has given a new meaning to leadership. Jesus visualizes growing together and flowering of the community by animating spirit of a leader. He was a man of integrity and authenticity.

---

[23] DOMINIC O.P. From the Monthly Recollection talk given to the clergy and the religious of the Archdiocese of Nagpur on 6th March 2012, Nagpur.

[24] NOLAN, ibid, page 143

People were astonished when they listened to him. He is like the water flowing from the roots to the leaves of the tree sustaining each branch. A good leader is characterized by humility and sacrifice. This servant leader model is found as a functioning and effective model even in the secular world today. It is by satisfying the needs of the members and empowering them morally that better results can be achieved as a group or as a community.

***************

# ദൈവം ചെയ്യിച്ചതൊക്കെയും നിന്റെ വശമൊ

ധ്യാനസല്ലാപത്തിന്റെ ആമുഖം അടിസ്ഥാനമാക്കിയാണ് ഈ ലേഖനം. ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികത വളരെ മനോഹരമായി ഇവിടെ കാണാം. ദൈവത്തിൽ ആശ്രയിച്ചാൽ തീർച്ചയായും തനിക്ക് എന്തും ലഭിക്കും എന്ന ഉറച്ച ബോധ്യം ധ്യാനസല്ലാപത്തിന്റെ ഈ ആമുഖത്തിൽ നിന്നും മനസ്സിലാക്കാം. ജീവിതം മുഴുവൻ ദൈവത്തിന്റെ വലിയ ദാനമാണ് എന്ന ഉറച്ച ബോധ്യം ഈ വരികളിൽ കാണാം.

ഈ ആമുഖം നന്നായി മനസ്സിലാക്കുന്നതിനും പിതാവിന്റെ വാക്കുകൾ ആഴമായി മനസ്സിലാക്കുന്നതിനും ഈ ആമുഖത്തെ നാലു രംഗമായി തിരിക്കാം.

**ഒന്നാം ഭാഗം:** ഉയരപ്പെട്ട പുണ്യവും വലിയ ധ്യാനവും ലഭിക്കാനുള്ള ആഗ്രഹവും. അതിനുള്ള പ്രതിബന്ധവും.

**രണ്ടാം ഭാഗം:** പ്രതിബന്ധത്തിന് അർത്ഥമില്ല. തന്റെ ജീവിതം തന്നെ വലിയ തെളിവ് നൽകുന്നു.

**മൂന്നാം ഭാഗം:** വി. ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണി.

**നാലാം ഭാഗം:** സമാപനം

ധ്യാനസല്ലാപത്തിന്റെ തുടക്കം ഇങ്ങനെയാണ്. "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല. അതെന്ത്യെ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി. തെളിവില്ലാത്തതായി. വെളിവ് അടക്കം ഈ പുണ്യങ്ങൾ ഇല്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസംഗോപാംഗത്തിനും യോഗ്യനല്ല എന്നു നിരൂപണം. അമ്മയുടെ നിരൂപണം പോലെ നിഗളം എന്ന് തിരിയുകയും ചെയ്യും".

ഇത് വളരെ ഉന്നതമായ ചിന്തയാണ്. എനിക്ക് വലിയ പുണ്യത്തിന് അർഹതയില്ല എന്നു പറഞ്ഞാൽ അത് എളിമയല്ല, അഹങ്കാരമാണ് എന്നാണ് ചാവറപിതാവ് അമ്മ ത്രേസ്യയെ ഉദ്ധരിച്ച് സ്ഥാപിക്കാൻ ആഗ്രഹിക്കുന്നത്. എനിക്ക് തോന്നുക നമ്മുടെ ചിന്ത മറി

ച്ചാണ്. എനിക്ക് വലിയ പുണ്യത്തിന് യോഗ്യതയില്ല എന്ന് പറയുന്നത് എളിമയായാണ് നമ്മൾ ചിന്തിക്കുക. പിതാവിന്റെ ചിന്ത തികച്ചും വ്യത്യസ്ഥമാണ്. പാപം വഴി ആത്മാവ് അശുദ്ധമായാലും നീ മനസു മടുക്കരുത്. നീ ആശ്രയബോധമുള്ളവനാകണം എന്നാണ് പിതാവു പറയുന്നത്. എന്താണ് അങ്ങനെ പറയാൻ കാരണം. അത് വളരെ മനോഹരമായി രണ്ടാം ഭാഗത്തിൽ വിവരിക്കുന്നു. തന്റെ ജീവിതബന്ധിയായ ഒരു വിലയിരുത്തലാണ് അത്.

അതെന്തെ, ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമൊ.<br>
ഇത്രടം വന്നത് എങ്ങനെ<br>
വീട്ടിൽ നിന്ന് ആരു വിളിച്ചു<br>
പട്ടത്തിന് എങ്ങനെ കേറി<br>
കൊവേന്ത എങ്ങനെ കിട്ടി<br>
പ്രിയോരെന്നെന്തിനു വിളിച്ചു<br>
ഇവിടെ എങ്ങനെ വന്നു<br>
ഇതൊന്നിന് നിന്നെ കൊള്ളാമോ<br>
ഇല്ലയില്ല നിശ്ചയം<br>
അപ്പോഴോ തിരുമനസ് നടക്കും നടത്തും നിശ്ചയം

ചാവറപിതാവ് തന്നോട് ചോദിക്കുന്ന ചോദ്യങ്ങൾ ധ്യാനസല്ലാപത്തിൽ ഒന്നിനു പുറകെ ഒന്നായാണ് നൽകിയിരിക്കുന്നത്. പിതാവിന്റെ ചോദ്യങ്ങൾ നല്ല ഫോക്കസിലേക്ക് വരാൻ വേണ്ടി ഞാൻ ഒന്നിനു താഴെ ഒന്നായി കൊടുത്തു എന്നു മാത്രം. ചാവറപിതാവ് എല്ലാം തുടർച്ചയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വാചകങ്ങൾ വായിക്കുമ്പോൾ നടപടി പുസ്തകത്തിലെ ഒരു സംഭവമാണ് ഓർമ്മയിൽ വരുന്നത്. നടപടി മൂന്നാം അധ്യായത്തിൽ മുടന്തനെ സുഖപ്പെടുത്തിയ സംഭവം. മുടന്തനെ സുഖപ്പെടുത്തിയതിൽ അത്ഭുതപ്പെട്ടു നിൽക്കുന്ന ജനത്തോട് പത്രോസ് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. നിങ്ങളെന്തിന് ഇതിൽ അത്ഭുതപ്പെടുന്നു. ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോ കൊണ്ട് ഇവന് നടക്കാൻ കഴിവു കൊടുത്തു എന്ന മട്ടിൽ സൂക്ഷിച്ചു നോക്കുന്നത് എന്ത്. (നടപടി 3/12). ‘‘അവന്റെ നാമമാണ് അവനിലുള്ള വിശ്വാസമാണ് ഈ മനു

ഷ്യനെ സുഖപ്പെടുത്തിയത്''. ചാവറപിതാവിന്റെ കാര്യത്തിൽ മുട ന്തനല്ല, താൻ തന്നെയാണ് സാക്ഷി. തന്നിൽ ദൈവം പ്രവർത്തിച്ച അത്ഭുതങ്ങൾ: പട്ടത്തിന് കയറിയതും കൊവേന്ത കിട്ടിയതും പ്രിയോ രായതും എല്ലാം ദൈവത്തിന്റെ അത്ഭുതം. ദൈവനിശ്ചയം. ദൈവ ത്തിന്റെ നിശ്ചയമായതിനാൽ നടന്നേ തീരൂ. അതു തന്നിൽ നടന്നു. ഇതാണ് ചാവറക്ക് പറയാനുണ്ടായിരുന്നത്.

ചാവറപിതാവിന്റെ മറ്റൊരു വലിയ ചോദ്യം. ''ആയതിനെന്തു കാരണം ദൈവമെ''. ആത്മാനുതാപത്തിൽ അനേകം തവണ ആവർത്തിക്കുന്ന വരികളാണ്. തന്നെ മനുഷ്യനായി സൃഷ്ടിച്ചത്, ചെറുപ്പകാലത്ത് വസന്തയിൽ നിന്ന് രക്ഷിച്ചത്, തന്നെ കർമ്മലസ ഭയിൽ ചേർത്തത്. ഇങ്ങനെ ഓരോന്നും വിവരിച്ചിട്ട് ചാവറ ചോദി ക്കുന്ന ചോദ്യമാണ് മേലുദ്ധരിച്ചത്. ''ആയതിനെന്തു കാരണം ദൈവ മെ''. ആയതിന് ചാവറയുടെ ഉത്തരം, ''ആദിഹീനനാം നിന്റെ ദയ തന്നെ''. മറ്റൊരു വാക്കിൽ തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം ദൈവത്തിൽ നിന്ന് അഥവാ ദൈവം ചെയ്യിച്ചത്. ആ അനുഭവം തന്നെ മനോഹരമായി ധ്യാനസല്ലാപത്തിന്റെ ആമുഖത്തിൽ ചാവറ പിതാവ് പറയുന്നു. ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ.

മൂന്നാമത്തെ ഭാഗത്തിൽ മത്തായിയുടെ സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമ വിവരിക്കുന്നു. ഒരു പുതിയ വ്യാഖ്യാന മാണ് ചാവറ ഇവിടെ കൊടുക്കുന്നത്. ചാവറയുടെ വാക്കുകൾ കേൾക്കാം.

''വിരുന്നിന് കുപ്പായമില്ലാതെ മേശയിലിരുന്ന ഭിക്ഷക്കാരനെ എന്തെ കാലും കയ്യും കെട്ടി ഇരുട്ടിലിട്ടു. ഇവന് രാജാവിന്റെ വിരു ന്നിനു കൂടുവാൻ തക്ക കുപ്പായമുണ്ടോ. ആയതു അവൻ നിരൂപി ച്ചോ. പെരുവഴിയിൽ നിന്നിരുന്നവനല്ല പിന്നെയോ വിളിച്ചു വരു ത്തിയ ആളോട് കുപ്പായമില്ലല്ലോ എന്നവൻ ഒരു വചനം പറഞ്ഞെ ങ്കിൽ അപ്പോൾ കിട്ടിയേനെ. അതിനെയും കൊടുപ്പാൻ ഇല്ലാത്ത യാളല്ലല്ലോ വിളിച്ചത്. ഇനി താൻ എങ്ങിനെ ഇരുന്നാലും മതി എന്ന വൻ നിരൂപിച്ചതിനാൽ തള്ളി''.

ഈ ഉപമയുടെ ആരംഭത്തിൽ രാജവിരുന്നിന് ക്ഷണം നിഷേ ധിക്കുന്ന പല രംഗങ്ങൾ വിവരിക്കുന്നുണ്ട്. അതൊന്നുമല്ല ചാവ റയെ ഈ ഉപമയിൽ ആകർഷിക്കുന്നത്. വിവാഹ വിരുന്നിൽ

ക്ഷണിച്ചു വരുത്തിയ ആ ഭിക്ഷക്കാരൻ വിവാഹവിരുന്നിന് വേണ്ട കുപ്പായമില്ലല്ലൊ എന്നൊന്ന് പറഞ്ഞാൽ മതിയായിരുന്നു. രാജാവാണ് വിളിച്ചിരിക്കുന്നത്. രാജാവിന്റെ പക്കൽ വിവാഹവസ്ത്രം ഉണ്ടാകും. ചോദിക്കണമായിരുന്നു. അതു ചെയ്തില്ല. അതിനുപകരം വെറുതെ ഇരുന്നു. അതാണ് അവൻ ചെയ്ത തെറ്റ്.

അടുത്തത് സമാപന വാക്യമാണ്. മനേഹരമായ ഒരു വാക്യം.

"ഇത്രടം നിന്നെ വരുത്തിയ ആളോട് നീയും

ചോദിച്ചാൽ നിനക്കും കിട്ടും ഈ വരം നിശ്ചയം".

ധ്യാനസല്ലാപം ആരംഭിക്കുന്നത് "ഉയരപ്പെട്ട പുണ്യവും വലിയ ധ്യാനവും നിനക്ക് കിട്ടുകയില്ല എന്ന് നീ പറയരുത്. അത് നിഗളമാണ്. കാരണം ഒന്നുമല്ലാത്ത എന്നെക്കൊണ്ട് ഇത്ര വലിയ കാര്യങ്ങൾ ദൈവം ചെയ്യിച്ചു. ദൈവത്തിന് ഒന്നും അസാധ്യമല്ല. വിവാഹവിരുന്നിലെ ഭിക്ഷക്കാരൻ ചോദിച്ചാൽ മതിയായിരുന്നു. അതുകൊണ്ട് നീയും ചോദിച്ചാൽ മതി നിനക്ക് തീർച്ചയായും കിട്ടും". ചാവറ പറയുകയാണ്, "ഇത്രടം നിന്നെ വരുത്തിച്ച ആളോട്". ഇതുവരെ വരുത്തിയത് ദൈവമാണ്. ഇതെല്ലാം ചെയ്യിച്ചത് ദൈവമാണ്. ആകയാൽ നീ ചോദിക്കണം. ആ ഭിക്ഷക്കാരനെപ്പോലെ കയ്യും കെട്ടി ഇരിക്കരുത്. നിനക്ക് തീർച്ചയായും കിട്ടും.

ചാവറയുടെ ഈ ആമുഖത്തിൽ രണ്ട് പ്രാവശ്യം 'നിശ്ചയം' അഥവാ 'തീർച്ച' എന്നാവർത്തിക്കുന്നുണ്ട്. ആദ്യം ഉപയോഗിക്കുത് തന്റെ തന്നെ ജീവിതത്തെ വിലയിരുത്തുന്ന അവസരത്തിലാണ്. താൻ ചെയ്ത ഓരോ കാര്യവും വിവരിച്ചിട്ട് ഒരു സമാപനമായി ചാവറ പറയുകയാണ്, ഇതിനൊന്നിനും എനിക്ക് കഴിവില്ല എന്നതു തീർച്ച."ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ല ഇല്ല നിശ്ചയം".

അടുത്ത 'നിശ്ചയം' പറയുന്നത്, നീ ചോദിച്ചാൽ കിട്ടും നിശ്ചയം. ദൈവത്തിൽ ചാവറക്ക് അത്ര ഉറപ്പായിരുന്നു.

ഇത്രടം നിന്നെ വരുത്തിച്ച ആളിനോട് നീയും

ചോദിച്ചാൽ നിനക്കും കിട്ടും ഈ വരം നിശ്ചയം.

**ഫാ. ജോസ് ഫ്രാങ്ക്** സി. എം. ഐ.

9446827874

# ചാവറപിതാവ് എന്ന സുപ്പിരിയറിലെ ഗുണവിശേഷങ്ങൾ

**ഫാ.തോമസ് പന്തപ്ലാക്കൽ** സി.എം.ഐ

ഇന്ത്യൻ സഭയിലെ ആദ്യസന്യാസവൈദികനും സന്യാസസഭാസ്ഥാപകനുമാണ് വിശുദ്ധ ചാവറപിതാവ്. തന്റെ അനുദിനജീവിതപ്രവർത്തനങ്ങളിലൂടെ അദ്ദേഹം നല്ല ഒരു സുപ്പീരിയറിനാവശ്യമായ എല്ലാ ഗുണങ്ങളും പങ്കുവെച്ചിട്ടുണ്ട്. ഉദ്ദാഹരണങ്ങളായിക്കുറിച്ചിരിക്കുന്നത് അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങളിലും അദ്ദേഹത്തെക്കുറിച്ചെഴുതിയ ചരിത്രത്തിലും എവിടെകിടക്കുന്നു എന്ന സൂചന മാത്രമാണ് ഇവിടെ നൽകിയിരിക്കുന്നത്. സംഭവങ്ങൾ എല്ലാവർക്കും തന്നെ അറിയാവുന്നതുകൊണ്ടാണ് വിശദീകരിക്കാത്തത്. സഭയിൽ പുതുതായി ചാർജെടുത്തിരിക്കുന്ന സുപ്പീരിയർമാർക്ക് ഇതൊരു നല്ല മാർഗ്ഗനിർദ്ദേശമായി വേണം ഈ സൂചനകളെ കാണുവാൻ. ഇവയിലൂടെ ചാവറപിതാവെന്ന സൂപ്പീരിയറിലെ വലിയ ഗുണവിശേഷങ്ങളാണ് നമുക്ക് ലഭിക്കുക.

**1.** സുപ്പിരിയറിന്റെ ദൗത്യം- ദൈവവിളിയുടെ ദൗത്യംതന്നെ നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശോമിശിഹായെ അനുഗമിക്കുന്നതിനും, തന്റെ ദാസനായി സകലതിലും നടന്നുകൊണ്ട്, അവിടത്തെ തിരുരക്തം എന്ന മതിച്ചുകൂടാത്ത വില കൊടുത്ത് വാങ്ങിയിരിക്കുന്ന നിന്റെ ആത്മാവിനെയും ശേഷം സഹോദരങ്ങളുടെ ആത്മാക്കളെയും അവിടുത്തോടു ചേർപ്പാനായി, പാപത്തിൽ നിന്ന് ഒഴിയുന്നതിനും, മറ്റുള്ളവരെ പാപത്തിൽ നിന്ന് അകറ്റുന്നതിനും, പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റുള്ളവരെക്കൊണ്ടു ചെയ്യിക്കുന്നതിനും ആണ് ദൈവം നിന്നെ ഈ ജീവിതാന്തസ്സിലേക്ക് വിളിച്ചിരിക്കുന്നത്
-(ധ്യാനസല്ലാപങ്ങൾ- 50)

**2.** സന്യാസ സഹോദരങ്ങൾ കൂടപ്പിറപ്പുകൾ

- ഒരമ്മയുടെ ഉദരത്തിൽ നിന്ന് ജനിച്ച് ഒരമ്മയുടെ മുലപ്പാൽ കുടിച്ചവർ എന്ന വണ്ണം. (കത്തുകൾ 100)

**3.** അമ്മയെപ്പോലെ ശ്രദ്ധാലു

- മാങ്ങായും മുളകും കൊടുത്തയക്കുന്നു, സുഖമില്ലാത്തപ്പോഴും സിസ്റ്റേഴ്സിനെ സന്ദർശിക്കുന്നു. കൊവേന്തയിൽനിന്ന് അപ്പവും മറ്റും കൊടുത്തുവിടുന്നു. (കത്തുകൾ 115,116)

**4.** സമുഹത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേൺണ്ടി നില കൊള്ളുക

- സ്വന്തപ്പെട്ട രോഗികളെ സന്ദർശിക്കാൻ അനുവദിക്കുന്നതിൽ നടത്തിയ അഭിപ്രായവോട്ടെടുപ്പ് (വർക്കി പാറപ്പുറം)

**5.** സമുഹജിവിതം ടീംവർക്കിന്റെതും വിട്ടുവിഴ്ചയുടേതുമായിരിക്കണം

- ആശ്രമത്തിനു പേരിടാൻ, സെമിനാരി തുടങ്ങുന്നതിൽ (നാളാഗമം 25,33)

**6.** ദൈവപരിപാലനയിലും പ്രാർത്ഥനയിലുമുള്ള ആശ്രയം

- പ്രസ്സിനുവേണ്ടി കടലാസ്സും മഷിയും വാങ്ങേണ്ടി വന്നപ്പോൾ അനുഭവപ്പെട്ടവ

ദൈവദൂതൻ പണവുമായി പള്ളിമുറ്റത്ത് (നാളാഗമം45)

**7.** സമുഹത്തിന്റെ ജോലികൾ വിഭജിച്ചേൽപ്പിക്കുക

- അച്ചന്മാരെ വിവിധ ജോലികൾ ഏല്പിക്കുന്നു. ധ്യാനിപ്പിക്കുവാനും, ആശ്രമത്തിന്റെ ചുമതലകളും, ശിശ്മക്കെതിരെ പ്രവർത്തിക്കാനും.

- ഏല്പിക്കപ്പെട്ട കാര്യങ്ങളിൽ ആവശ്യമില്ലാതെ ഇടപെടരുത്, സിസ്റ്റേഴ്സിന്റെ കാര്യം ചുമതലപ്പെടുത്തിയവർ ശ്രദ്ധിക്കുക.. (കത്തുകൾ 102)

**8.** മറ്റുള്ളവരുടെ പങ്കാളിത്തത്തെ കുറിച്ചു സ്തുതിച്ചു പറയുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുക

- താൻ ചെയ്ത കാര്യങ്ങൾ പോലും മറ്റുള്ളവരുടേതാക്കി തീർക്കുന്നു. ബർണർഡീൻ, ലെയോപ്പോൾദ്, മിഷ്യനറിമാർ ഇവരാണ് പലതും ചെയ്തതെന്നും, അവരുടെ ത്യാഗങ്ങളെ സ്മരിക്കണമെന്നും.

**9.** സ്വന്തംകഴിവുകളെക്കുറിച്ച് എപ്പോഴും എണ്ണിപ്പാടാതിരിക്കുക

- നീ എങ്ങനെ ഇവിടെ വന്നു, എങ്ങനെ കൊവേന്ത കിട്ടി, ആരു പ്രിയോരെന്നു വിളിച്ചു, ഇതിലൊന്നിനു നിന്നെക്കൊള്ളാമോ (ധ്യാനസല്ലാപങ്ങൾ-13, കത്തുകൾ 90)

**10.** സമുഹത്തിന്റെ ഉപകാരികളെ പ്രത്യേകം ഓർക്കുക

- വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്ട് മുതലായ സ്ഥലങ്ങളിലുള്ളവർ പാറായി, തരകൻ, കല്ലൂർക്കാരൻ, കണിച്ചായ് ഇട്ടുപ്പ് തുടങ്ങിയവരെ ഓർക്കുക (കത്തുകൾ 102)

**11.** ആഥിത്യ മര്യാദയെക്കുറിച്ച്

- ദനഹായെ ആദരിച്ച്, അതേ സമയം മറ്റുള്ളവർക്കിടച്ചവ രുത്താതെ പറഞ്ഞയച്ചു. (നാളാഗമം181,182)

**12.** രോഗികളോടും പ്രായം ചെന്നവരോടുമുള്ള സമീപനം

- വല്യാറ യാക്കോബ്, നെല്ലിശ്ശേരി തോമ, ചാവറ ഔസേപ്പച്ചൻ
- രോഗികളില്ലാത്ത ഭവനത്തെക്കുറിച്ചെനിക്കു ഭയമാകുന്നു, എന്തെന്നാൽ രോഗികൾ ദൈവാനുഗ്രഹത്തിന്റെ വഴിയാകുന്നു. (നാളാഗമം- 83,84)

**13.** സ്വന്തം വിട്ടുകാരോടുള്ള ഇടപെടൽ

- മഞ്ഞുമ്മൽ ലൂയിസ്സ് ശെമ്മാശനുമായി കുനമ്മാവിൽ നടക്കാൻ പോയപ്പോൾ വികാരിയച്ചൻ സ്വന്തം വീട്ടിൽ (മഞ്ഞുമ്മൽ ളൂയിസ്)

**14.** ശിക്ഷിക്കപ്പെടേണ്ടിവരുന്നവരിലും ഉള്ള നന്മയെ കണ്ടെത്തുക. കുറ്റം പറച്ചിൽ ഒഴിവാക്കുക

- കുടക്കച്ചിറ അന്തോണിയെക്കുറിച്ച്. (നാളാഗമം- 183)

**15.** സമുഹത്തിന്റെ വളർച്ചയെക്കുറിച്ച് ജാഗ്രത ഉള്ളവരാക്കുക. സാദ്ധ്യതകൾ കണ്ടെത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കുക

- കേരളത്തിന്റെ പല ഭാഗങ്ങളിൽ ആശ്രമങ്ങളും മഠങ്ങളും ഉണ്ടാകുന്നതിനെക്കുറിച്ച്
- രണ്ടു പ്രോവിൻസായി വളരുന്നതിനേക്കുറിച്ച് (കത്തുകൾ 101)

**16.** സമുഹത്തിന്റെ നാളാഗമം എഴുതി സൂക്ഷിക്കുക.

- സി. അന്നയെ നാളാഗമം എഴുതുവാൻ ഏല്പിക്കുന്നത്
- രേഖകൾ സൂക്ഷിക്കുന്നതിന്റെ ആവശ്യകത

(കത്തുകൾ 108)

**17.** നിയമങ്ങൾ അനുസരിക്കുന്നതിൽ ഒന്നാമൻ

- ഒരു നോവിസ്സിനെപ്പോലെ (മഞ്ഞുമ്മൽ ലൂയിസ്)

**18.** സ്വയം സഹിക്കേണ്ടി വരുമ്പോൾ പരാതികൂടാതെ

- കണ്ണിന് കാഴ്ചപോയപ്പോഴും, വാതപ്പനിമൂലം കാലു പൊട്ടിഒഴുകിയപ്പോഴും

**19.** ശത്രുസ്നേഹത്തിന്റെ മാതൃക

- മാന്നാനംകാർ പെരുമാലിക്കാരുമായി പിണങ്ങിയപ്പോൾ അവരുടെ വീട്ടിൽ ചെല്ലുന്നു, ബന്ധങ്ങൾ പുതുക്കുന്നു

(പൊസിസിയോ)

- കളപ്പുരക്കൽ മാത്തനോട് ക്ഷമിക്കാനും കുടുംബത്തിന് സഹായങ്ങൾ ചെയ്യാനും നിർദ്ദേശം (കത്തുകൾ102)

**20.** എരിയുന്ന തീയിൽ വീണ്ടും എണ്ണ പകരാതിരിക്കുക

- സമുഹാംഗങ്ങളിൽ മിഷനറിമാരോട് എതിർപ്പു വർദ്ധിച്ചുവന്നപ്പോൾ
- അനുനയം
- മരണപത്രികയിൽ പുതിയ അർത്ഥം കൊടുത്ത് വിധി തീർപ്പ് (കത്തുകൾ 99)

****************

# അതിൽ മൂളായ്ക സമ്മതം രാജൻ

**ഇതിവൃത്തം :**

തിരഞ്ഞെടുപ്പ്പ്രഹേളിക ഉയർത്തിയ പൊടിപടലം അടിഞ്ഞുകൂടിയെങ്കിലും അതിൽ നിന്നും വാസന വമിച്ചു കൊണ്ടേയിരിക്കുന്നു. എന്നാലും, കാര്യം കണ്ടല്ലോ; വിജയശില്പി കൾ മൂരി നിവർത്തി. ഇനി ഊരിക്കുത്തലും വാരിക്കൊടുക്കലും മുറപോലെ നടക്കണം. പത്തോന്തികൾ തലങ്ങും വിലങ്ങും പറക്കുന്നു. പക്ഷെ, ഇപ്രാവശ്യം പെട്ടികൾ തേടിയുള്ള പരക്കം പാച്ചിൽ പണ്ടത്തെപോലില്ലായിരുന്നു.

.............രോഗിയായ ഒരു സി.എം.ഐ. യുടെ പക്കലും പാഞ്ഞെത്തി ഒരു പത്തോന്തി..........ശേഷം യവനികയിൽ,

**പത്തോന്തി :**

"........................................................................

........................................................................"

അതൊരു മിന്നലാക്രമണമായിരുന്നു. ആവേഗങ്ങൾ അധോമനസ്സിൽ ഉറഞ്ഞു തുള്ളി : സെന്ററുകളിലേയ്ക്കു പത്തോന്തി എഴുതുവോൻ എന്തു സുപ്പീരിയർ ? എന്തു ! ഈ മേൽശ്രേഷ്ഠൻ നിയമാവലി വായിച്ചിട്ടില്ലേ ? ഒരു നിയമാവലിപ്പരീക്ഷയ്ക്കിരുന്നാൽ ഈ വന്ദ്യദേഹത്തിനു പാസ്സ് മാർക്ക് കിട്ടുമോ ? നൈയാമികമായി സ്ഥാപിതമായ ഒരു സന്ന്യാസഭവനത്തിലേയ്ക്കല്ലേ പത്തോന്തി നല്കാവൂ. അതോ, സെന്റർ ഒരു സന്ന്യാസഭവനമല്ലെന്ന കാര്യം അറിയാതേയോ ? അതുമല്ലെങ്കിൽ, ഒരു വെല്ലുവിളി:

സെന്ററുകളേക്കാൾ വ്യത്യാസപ്പെട്ട സന്ന്യാസഭവനം ഇന്നെവിടെയുണ്ട്? . ഇത്രയുമായപ്പോൾ എന്നിലെ ഞാൻ ഉണർന്നു. ഞാൻ ആരാഞ്ഞു : എന്തേ പ്രൊവിൻഷ്യാള ച്ചൻ ഇങ്ങിനെചെയ്തു? ന്യായീകരണം കിട്ടി. എന്റെ മുൻഗാമിയും ഇങ്ങിനെചെയ്തിട്ടുണ്ട്. അപ്പോൾ ഓർമ്മയിൽ വന്നതാണ് മഹാകവി കുമാരനാശാന്റെ ഈ കവിതാതല്ല്ജം.

**“ ഇന്നലെ ചെയ്തോരബദ്ധം**
**മൂഢർക്കിന്നത്തെ ആചാരമാകാം**
**നാളത്തെ ശാസ്ത്രമതാകാം**
**അതിൽ മൂളായ്കസമ്മതം രാജൻ ”**

ആർക്കും അബദ്ധം പിണയാം, അന്ധാളിക്കേണ്ട. അബദ്ധമാണെന്ന് അറിയുമ്പോൾ തെറ്റ് തിരുത്താനുള്ള ആർജ്ജവം കാണിക്കുന്നതാണ് മാന്യത. അത് ഒരുവശം. എന്നാൽ ഒരു ഭരണകർത്താവും അബദ്ധം കണ്ടില്ലെന്നു നടിക്കരുത്. അത് തെറ്റിനു സമ്മതം മൂളലാണ്, അതു പാപമാണ്. ഇതാണ് ആശാൻ പക്ഷം. എന്റെ പക്ഷമോ ?

**നേരെ ചൊവ്വേ :**

കാലാകാലങ്ങളിൽ സ യിൽ നിയമാവലി പരിഷ്കരണപ്രക്രിയ നടന്നുകൊണ്ടേയിരിക്കുന്നു. അവയിൽ പലതും ശ്രദ്ധിക്കപ്പെടാറില്ല. അവ അറിയാനുള്ള അദമ്യമായ ആഗ്ര ഹം. അത് അവിവേകമാകില്ലല്ലോ. അതിനുള്ള ഒരു നിമിത്തം സൃഷ്ടിക്കുകയാണിതിന്റെ ലക്ഷ്യം. അറിവുള്ളവർ പ്രതികരിച്ചാലേ ഉദ്ദേശ്യം സഫലമാകൂ. അഭിലാഷം അസ്ഥാനത്താകില്ലെന്ന് ആശിക്കുന്നു. അപേക്ഷ നിരാകരിക്കരുതേ.

**വാൽക്കഷണം**

ഞാൻ ഒരു ജസ്യൂട്ടല്ല, കപ്പൂച്ച്യനുമല്ല. ഞാൻ ഒരു സി.എം.ഐ ആണ് എന്നു സമർത്ഥിക്കാൻ ആരെങ്കിലും തന്റേടം കാണിച്ചാൽ ഇന്ന് എഴുതിക്കൊണ്ടിരിക്കുന്നതു പലതും മാറ്റി എഴുതേണ്ടിവരില്ലേ? വ്യക്തികൾക്കു ദീർഘകാലം സമൂഹജീവിതം നിഷേധിക്കാൻ അധികാരിക്കോ ദീർഘകാലം സമൂഹജീവിതം വേണ്ടെന്നു തീരുമാനിക്കാൻ സന്ന്യാസിക്കോ സി.എം.ഐ സഭയിൽ സാധ്യമാണോ ? വ്യക്തി സെന്റേഡാകുന്ന സെന്ററുകളും സെന്റർ സേന്റേഡാകുന്ന വ്യക്തികളും സഭയുടെ മുഖം വിരൂപമാക്കുന്നത് അധികാരികൾ കണ്ടില്ലെന്നു വയ്ക്കുന്നുണ്ടോ ?

പരശതം സഹസ്രങ്ങൾ ആസ്തിയുള്ളതും കോടികൾ കൈകാര്യം ചെയ്യുന്നതുമായ സി.എം.ഐ. സെന്ററുകൾക്കും സ്ഥാപനങ്ങൾക്കും എത്രകാലം സെന്റർ പദവിയിൽ തുടരാം ?

സഭയിൽ ഒരു വിജിലൻസ് കമ്മീഷൻ നിലവിൽ വരേണ്ട കാലം അതിക്രമിച്ചിരിക്കയല്ലേ?

സ്നേഹിക്കുന്ന ബഹു. സഭാംഗങ്ങൾ അടുത്ത ബുള്ളറ്റിനിലൂടെ ഉത്തരം തരണമെന്ന അപേക്ഷയോടെ,

**ഫാ. ജോസഫ് ഏലിയാസ്** സി.എം.ഐ

# ആമസോണിന്റെ തീരങ്ങളിൽ നിന്നും..

ഫാ. സെബാസ്റ്റ്യൻ തെക്കിനിയത്ത് സി.എം.ഐ

ബ്രസീലിന് രണ്ട് മുഖങ്ങളുണ്ട്. ഒന്ന്, റിയോ ജനൈറോ, സാവ്പാവളോ, പോലുള്ള ഒത്തിരി വമ്പൻ നഗരങ്ങൾ ഉൾപ്പെടുന്നതും, ഒരു വികസിത സമ്പന്ന രാജ്യത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതുമായ തെക്ക് ഭാഗം. രണ്ട്, വടക്കും, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതും, ആമസോൺ നദി കടന്നു പോകുന്നത് കൊണ്ട് " ആമസോണിയ" എന്നറിയപ്പെടുന്നതും, ആമസോൺ മഴക്കാടുകൾ ഉൾപ്പെടുന്നതുമായ വടക്കുഭാഗം.

ലോകത്തിലെ ഏറ്റവും നീളം കൂടിയ നദി എന്നറിയപ്പെടുന്ന ആമസോൺ നദി, ബ്രസീലിനു പടിഞ്ഞാറുള്ളരാജ്യമായ "പെറു" വിൽ നിന്ന് ഉത്ഭവിച്ചു ഏകദേശം 6,992 കിലോമീറ്ററുകളോളം ഒഴുകി ബ്രസീലിനു കിഴക്കുള്ള അറ്റ്ലാന്റിക്ക് കടലിൽ ചെന്ന് ചേരുന്നു. മനാവൂസ്, സന്താരേം, മക്കാപ്പ, ബേലേം, എന്നിങ്ങനെ ഏകദേശം പത്തോളം പ്രമുഖ നഗരങ്ങൾ ഉണ്ട് ആമസോൺ നദിയുടെ തീരത്ത്.

ഏകദേശം 215 രൂപതകൾ ഉള്ള ബ്രസീലില്, ബെലേം (Belem) തലസ്ഥാനമായുള്ള "പരാ"(Pará) സംസ്ഥാനത്തിൽ 14 രൂപതകൾ ആണുള്ളത്. ഇവയെല്ലാം തന്നെ സ്ഥിതി ചെയ്യുന്നത് ആമസോൺ നദീ തീരത്താണ്. സന്താരേം (Santarém) രൂപതയിൽ CMI സഭയിലെ പത്ത് വൈദികർ ആണ് മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

സന്താരേം രൂപത സ്ഥാപിതമാകുന്നത് 21 September 1903 -ലാണ്. സലേഷ്യൻ സഭയിലെ, ഇറ്റലിക്കാരനായ ഡോം ഫ്ളാവിയോ ആണ് ബിഷപ്പ്. 2014 ലെ കണക്കനുസരിച്ച് ഏകദേശം 3,16,500 കത്തോലിക്കരാണ് (70.2%) രൂപതയിൽ ഉള്ളത്. രൂപതയിൽ ആകെയുള്ള 60 വൈദികരിൽ 25 രൂപതാ വൈദികരും, 15 ഫ്രാൻസിസ്കൻ വൈദികരും, 7 SVD വൈദികരും, 3 ഈശോ സഭാ വൈദികരും, പിന്നെ 10 സി.എം.ഐ വൈദികരും ആണുള്ളത്.

വൈദികരും വിശ്വാസികളും തമ്മിലുള്ള അനുപാതം 1:6000 എന്ന നിരക്കിലും കൂടുതൽ ആണെന്ന് കാണാം. ബ്രസീലിൽ 30% പള്ളികളില് മാത്രമേ ഞായറാഴ്ചകളിൽ ദിവ്യ ബലി അർപ്പിക്കപ്പെടുന്നുള്ളു. ബാക്കി എല്ലായിടത്തും തന്നെ അല്മായർ നേതൃത്വം കൊടുക്കുന്ന വചന ശുശ്രൂഷ മാത്രമേയുള്ളൂ. പല രൂപതകളിലും, വൈദികരുടെ അഭാവം വളരെ രൂക്ഷമാണെന്ന് കാണാം. തൊട്ടപ്പുറത്തുള്ള ഇത്തായിത്തൂബ(Itaituba) രൂപതയിൽ ഒരു രൂപതാ വൈദികൻ മാത്രമേ ഉള്ളൂ. മറ്റൊരു രൂപതയായ ഓബിദൂസിലും(Óbidos) വൈദികരുടെ എണ്ണം കുറവ് തന്നെ ആണ്. ഈ രൂപതയിലെ ബിഷപ്പ് ബെർണാഡ് ജോഹന്നെസ് തന്റെ രൂപതയിലും CMI വൈദികർ വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്.

സന്താരേം രൂപതയിൽ 5 ഇടവകകളിൽ ആയിട്ടാണ് നമ്മുടെ CMI വൈദികർ സേവനം അനുഷ്ഠിക്കുന്നത്. സന്താരേം നഗരത്തിൽ നിന്ന് 18 മണിക്കൂറോളം കപ്പലിൽ യാത്ര ചെയ്താൽ അവുമേരീം(Almeirim) പട്ടണത്തിൽ എത്തിച്ചേരാം.

അവുമേരിം പട്ടണത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് നദിയോട് ചേർന്ന് കിടക്കുന്ന താഴ്ന്ന ഭൂപ്രദേശം. പട്ടണത്തിലെ പകുതിയോളം ജനവിഭാഗം വസിക്കുന്നത് ഇവിടെ ആണ്. പലപ്പോഴും മഴക്കാലത്ത് ആമസോൺ നദിയിലെ വെള്ളം ഇവരുടെ വീടിന് താഴെ വരെ എത്താറുണ്ട്. ഒട്ടു മിക്ക വീടുകളും തന്നെ മരം കൊണ്ടുള്ളതും, മരത്തിന്റെ വലിയ തൂണുകളിൽ ഉറപ്പിച്ചിട്ടുള്ളതും ആണ്. പട്ടണത്തിന്റെ ഉയർന്ന ഭൂപ്രദേശം ആയ രണ്ടാമത്തെ ഭാഗത്ത്, മദ്ധ്യത്തിൽ തന്നെയാണ്, 1975-ൽ ഫ്രാൻസിസ്കൻ വൈദികരാൽ പണി കഴിക്കപ്പെട്ട മനോഹരമായ അമലോത്ഭവ മാതാവിന്റെ പള്ളി (Igreja da Nossa Senhora Da Conceição) സ്ഥിതി ചെയ്യുന്നത്.

അവുമേരിം ഇടവകയെ നാല് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്ന് മുഖ്യ ദേവാലയവും (Igreja Matriz) 11 കമ്മ്യൂണിറ്റികളും ഉൾപ്പെടുന്ന നഗരഭാഗം. രണ്ട്, അവുമേരിം പട്ടണത്തിൽ നിന്നും 60 km വരെ ദൂരത്തായി, ആമസോൺ നദിയുടെ തീരത്തും, പോഷക നദികളായ ഷിക്കായ (Chicaia), അരാമു (Aramo), ജൂത്തായി(Jutaí)

എന്നിവയുടെ തീരത്തും ഉള്ള 21 കമ്മ്യൂണിറ്റികളും ചേർന്ന ഒന്നാമത്തെ മിനി ഏരിയ (Mini Área – 1). മൂന്നാമതായി, ആമസോൺ നദിയുടെ മറ്റൊരു പ്രധാന പോഷക നദിയായ "പറൂ"(Parú) നദിയുടെ തീരത്തായി 80 km വരെ ദൂരയായി 12 കമ്മ്യൂണിറ്റികൾ അടങ്ങിയ രണ്ടാമത്തെ മിനി ഏരിയ (Mini Área – 2). നാലാമത്, ആമസോൺ നദിയുടെ തീരത്തും, , "അഹയോളൂസ്" (Arraiolós) പോഷക നദിയുടെ തീരത്തും 50 km വരെ ദൂരത്തായി, 14 കമ്മ്യൂണ്റ്റികൾ ചേർന്ന് മൂന്നാമത്തെ മിനി ഏരിയ (Mini Área – 3). അങ്ങിനെ ആകെ 58 കമ്മ്യൂണിറ്റികളാണ് (Comunidades) അവുമേരിം-ന്റെ ഉൾപ്രദേശങ്ങളിൽ (Interior) ആയി ഉള്ളത്.

സാധരണയായി, വർഷത്തിൽ ഒന്നോ, രണ്ടോ തവണയാണ് വൈദികർ ഈ കമ്മ്യൂണിറ്റികൾ സന്ദർശിക്കുക. കഴിഞ്ഞ വർഷം വരെ ഇങ്ങനെയായിരുന്നു പതിവ്. ഇപ്പോൾ ഈ ഇടവകയിൽ മൂന്ന് CMI വൈദികർ ആണുള്ളത്. അത് കൊണ്ട് തന്നെ സന്ദർശനത്തിന്റെ എണ്ണവും കൂടുതലാക്കി. ഈ വർഷം 5 മുതൽ 6 വരെയാണ് വൈദികർ അവരെ സന്ദർശിക്കുക. സന്ദർശനവേളയിൽ കുമ്പസാര ത്തിനു ശേഷം, ദിവ്യ ബലിയർപ്പിച്ച്, മാമ്മോദീസ, പ്രഥമ ദിവ്യകാരു ണ്യസ്വീകരണം തുടങ്ങിയ കൂദാശകൾ ഒക്കെ നടത്തും. കൂടാതെ സാധിക്കുന്നിടത്തോളം എല്ലാ കമ്മ്യൂണിറ്റികളിലും, ഏതെങ്കിലും ഒരു വൈദികന്റെ സാന്നിധ്യം വാഗ്ദാനം ചെയ്തു. ഇതൊക്കെ ജനങ്ങളുടെ ഇടയിൽ CMI വൈദികരെ കുറിച്ച് നല്ല മതിപ്പുളവാക്കി എന്ന് വേണം പറയാൻ.

ഒരൽപ്പം സാഹസികത നിറഞ്ഞതാണ് ഈ സന്ദർശനങ്ങൾ. ഉദാഹരണത്തിന് ഒന്നാമത്തെ മിനി ഏരിയ (Mini Área – 1) സന്ദർ ശിച്ചു 21 കമ്മ്യൂണിറ്റികളിലും ദിവ്യബലി അർപ്പിച്ചു തിരിച്ചു വരാൻ 11 ദിവസം വേണം. ഈ 11 ദിവസവും, ഊണും, ഉറക്കവും എല്ലാം ഇടവക യ്ക്ക് സ്വന്തമായുള്ള ബോട്ടിൽ തന്നെയാണ്.

ബോട്ടിൽ അത്യാവശ്യപാചകത്തിനായി ഒരു ചെറിയ അടുക്കളയും, കുളിമുറി, കക്കൂസ്, പിന്നെ രണ്ടോ, മൂന്നോ പേർക്ക് വല (Hammock) കെട്ടി കിടന്നുറങ്ങാനുള്ള സൗകര്യങ്ങളും ഉണ്ട്. ഒരു ദിവസം രണ്ടു കമ്മ്യൂണിറ്റികൾ ആണ് വൈദികർ സന്ദർശിക്കുക.

കാലത്ത് 9 മണിക്ക് ആദ്യത്തെ കമ്മ്യൂണിറ്റിയിൽ ദിവ്യബലി, കൂദാശകൾ (ഉണ്ടെങ്കിൽ മാത്രം), യോഗങ്ങൾ, ഭവനസന്ദർശനങ്ങൾ, ഉച്ചക്ക് ഏതെങ്കിലും വീട്ടിൽ ഭക്ഷണം, അത് കഴിഞ്ഞു അടുത്ത കമ്മ്യൂണിറ്റിയിലേക്കുള്ള യാത്ര. വൈകിട്ട് 4 മണിക്ക് വീണ്ടും, ദിവ്യബലി, മുതലായ പതിവ് പരിപാടികൾ. വൈകിട്ട് 6 മണിക്ക് രാത്രിഭക്ഷണം ഏതെങ്കിലും വീട്ടുകാർ കൊണ്ട് വന്നു തരും. വൈദ്യുതി, ഫോൺ, മൊബൈൽ, ഇന്റർനെറ്റ് എന്നിവയൊന്നും ഇല്ലാത്തതു കൊണ്ട് നേരത്തെ ഭക്ഷണം കഴിച്ച് കിടന്നുറങ്ങാം. അല്ലെങ്കിൽ പിറ്റേ ദിവസത്തെ ദിവ്യ ബലിയിൽ പോർച്ചുഗീസ് ഭാഷ യിൽ പറയാനുള്ള പ്രസംഗം തയ്യാറാക്കാം.

ഭക്ഷണം മിക്കപ്പോഴും, ചോറ്, മീൻ വറുത്തത്, 'ഫരിഞ്ഞ' എന്നറിയപ്പെടുന്ന കപ്പപൊടി, 'ട്ടുക്കുപ്പി' എന്നറിയപ്പെടുന്ന മുളക് വെള്ളം എന്നിവയൊക്കെ ആയിരിക്കും. ചിലപ്പോഴൊക്കെ, ജക്കാരെ (ചീങ്കണ്ണി), ആമ, 'കപ്പിവാര' (പന്നിയുടെ ശരീരഘടനയും, മുയലിന്റെ മുഖസാദൃശ്യവും ഒക്കെയുള്ള ഒരു ജീവി), 'ട്ടട്ടു' (ഈനാംപേച്ചി അഥവാ ഉറുമ്പുതീനിയുടെ സഹോദരൻ ആയിവരും) എന്നിവയും ഭക്ഷണ രൂപേണ മുൻപിൽ വന്നു പെടാറുണ്ട്.

ഉച്ചമയക്കവും, രാത്രിയുറക്കവും ഒക്കെ ബോട്ടിനുള്ളിൽ തന്നെ. ബോട്ടിനുള്ളിൽ കുറുകെ കെട്ടിയ വലയിൽ (Hammock) കിടന്നുറങ്ങുക ഒരു കലയാണ്. ഏതൊരു ആമസോൺ മിഷണറിയും അറിഞ്ഞിരിക്കേണ്ട കല. കുഞ്ഞുങ്ങളെപോലെ തൊട്ടിലിൽ കിടക്കുന്ന ഒരു പ്രതീതി. മുൻപൊക്കെ ഉറക്കം കിട്ടാത്ത രാത്രികളാ യിരുന്നു, അവ സമ്മാനിച്ചിരുന്നത്. ഇപ്പോൾ ഈ വലയിൽ കിടന്നാലേ ഉറക്കം കിട്ടൂ എന്ന രീതിയിലായി. 18 മണിക്കൂറോളം നിണ്ടു നിൽക്കുന്ന സന്താരേമിലെക്കുള്ള കപ്പൽ യാത്രകളിലും തുണയാകുന്നത് ഈ വല തന്നെയാണ്.

ഓരോ കമ്മ്യൂണിറ്റിയിലും 10 മുതൽ 20 വരെ വീടുകൾ ആണുള്ളത്. എല്ലാം നല്ല ഉറപ്പുള്ള മരത്തിൽ തീർത്തവ. മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുമെന്നതിനാൽ എല്ലാ വീടുകളും തറയിൽ നിന്ന് 5 അടി വരെ ഉയരത്തിൽ മരതൂണുകളിൽ ആണ് ഉറപ്പിച്ചിട്ടുള്ളത്. കൃഷി, കന്നുകാലി വളർത്തൽ, മീൻപിടുത്തം എന്നിവയൊക്കെ ആണ് പ്രധാന ഉപജീവനമാർഗ്ഗങ്ങൾ.

പട്ടണത്തിലെ മിക്കവർക്കും, ഉൾപ്രദേശങ്ങളിൽ വൻ തോതിലുള്ള കന്നുകാലി വളർത്തൽ കേന്ദ്രങ്ങളുണ്ട്. നദീതീരങ്ങളിൽ വെള്ളവും പുല്ലും സുലഭം ആയതു കൊണ്ടാണിത്. പാലും, പാലുൽപ്പന്നങ്ങളും ഈ ഉൾഗ്രാമങ്ങളിൽ സമൃദ്ധമാണ്. 'ഷിക്കായ' യിലെ 'കേയ്ജു'(പാൽക്കട്ടി) സന്താരേം നഗരത്തിൽ പോലും വളരെ പ്രസിദ്ധമാണ്.

7 മുതൽ 11 ദിവസം വരെ നീണ്ടു നിൽക്കുന്ന ബോട്ട് ജീവിതം അവസാനിപ്പിച്ചു പട്ടണത്തിലേക്ക് തിരിച്ചെത്തുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷം ആണ്. ഒരു ധ്യാനം കൂടി വന്ന പ്രതീതി. പുറം ലോകവുമായി യാതോരു ബന്ധവുമില്ലാതെ കഴിഞ്ഞു കുറച്ച് ദിവസങ്ങൾക്കു ശേഷം, വൈ ഫൈ ഓൺ ആക്കുമ്പോൾ മൊബൈലിലേക്ക് കുതിച്ചെത്തുന്ന നൂറു കണക്കിനു സന്ദേശങ്ങൾ. സഭയിലെയും പ്രവിശ്യയിലെയും, കുടുംബാംഗങ്ങളുടെയും ഒക്കെ വിവരങ്ങൾ അറിയുമ്പോൾ ഒരു സന്തോഷം.

വിശുദ്ധരുടെ മധ്യസ്ഥ തിരുനാളുകൾക്ക് വൈദികന്റെ സാന്നിധ്യം വാഗ്ദാനം ചെയ്തെന്നു പറഞ്ഞല്ലോ?. തിരുനാളിന്റെ അന്ന് അതിരാവിലെ തന്നെ യമഹ എഞ്ചിൻ പിടിപ്പിച്ച ഒരു 'ഹബേത്ത'യുമായി (ചെറിയ വഞ്ചി) അവർ വരും. തിരുനാൾ കുർബാനയ്ക്ക് വൈദികനെ കൊണ്ട് പോകാനായി. ആമസോൺ നദിയിലെ ശക്തമായ ഓളങ്ങളെ കീറി മുറിച്ച്, നദിപ്പരപ്പിൽ ആർത്തലച്ച്, വഞ്ചി മുന്നോട്ടു പായുമ്പോൾ, അറിയാവുന്ന പ്രാർത്ഥനകൾ എല്ലാം കഴിഞ്ഞ് വീണ്ടും പള്ളിയിൽ തിരിച്ചെത്തുമ്പോൾ മാത്രം ശാന്തമാവുന്ന മനസ്സ്.

ഗ്ലോബൽ മിഷന്റെ അതി പ്രസക്തമായ ഒരു വാചകം ഓർത്തു പോകുകയാണ്, ' Leaving the Comfort Zones'.. ശരിയാണ്, സുരക്ഷിത താവളങ്ങളെ ഉപേക്ഷിച്ച് കൊണ്ടുള്ള ഈ യാത്രകളിൽ തുണയാകുന്നത് മുകളിലുള്ളവൻ മാത്രം.

ആമസോണിന്റെ തീരങ്ങളിൽ നിന്നും സ്നേഹപൂർവ്വം
**ഫാ. സെബാസ്റ്റ്യൻ തെക്കിനിയത്ത്** സി.എം.ഐ

# ദിവ്യകാരുണ്യ ആത്മാഭിഷേക കൺവെൻഷനും നൂറ്റിഅമ്പതാം നാല്പതുമണിക്കൂർ ആരാധനയും

**സെന്റ് മേരീസ് ആശ്രമം എൽത്തുരുത്ത്**

ഇക്കഴിഞ്ഞ അമ്പതു നോമ്പുകാലത്തിൽ എൽത്തുരുത്തിന് ആത്മീയ ചൈതന്യം നിറഞ്ഞു നിൽക്കുന്ന ദിനങ്ങളാണ് കടന്നു പോയത്. വി. ചാവറപിതാവ് സ്ഥാപിച്ച് ആശീർവദിച്ച് ദൈവജനത്തിന് സമർപ്പിച്ച എൽത്തുരുത്ത് ആശ്രമ ദേവാലയത്തിൽ 2017 മാർച്ച് 17-ാം തിയ്യതി വെള്ളിയാഴ്ച 150-ാം നാല്പതുമണിക്കൂർ ആരാധനക്ക് ഒരുക്കമായി വെള്ള കൊടി ഉയർത്തി. തുടർന്ന് 10 ദിവസത്തോളം നീളുന്ന എല്ലാ പുണ്യദിനങ്ങളേയും ഈശോനാഥന് സമർപ്പിച്ചു. 18-ാം തിയ്യതി ശനിയാഴ്ച മുതൽ കോളേജ് ഓഡിറ്റോറിയത്തിൽ ജെറുസലേം ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡേവീസ് പട്ടത്ത്, ടീം അംഗങ്ങളായ ഫാ. റിജോ പയ്യപ്പിള്ളി, ഫാ. ജോ പാച്ചേരി എന്നിവരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആത്മാഭിഷേക കൺവെൻഷൻ വലിയ ആത്മീയ ഉണർവാണ് ആയിരങ്ങൾക്ക് നൽകിയത്. അടുത്ത ഇടവകകളിൽ നിന്നുള്ളവരുടെ സാന്നിധ്യവും എടുത്തു പറയേണ്ടതാണ്.

മണ്ഡ്യ രൂപതാധ്യക്ഷൻ മാർ ആന്റണി കരിയിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയും സന്ദേശവും 150-ാം നാൽപതുമണിക്കൂർ ആരാധനയ്ക്ക് പ്രാരംഭമായിരുന്നു. ആരാധനക്ക് തുടക്കം കുറിച്ചുകൊണ്ട് തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരി തെളിയിച്ചപ്പോൾ, തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, മാർ ആന്റണി കരിയിൽ പിതാവിന്റെയും, തൃശൂർ സി. എം.ഐ. ദേവമാതാ പ്രൊവിൻഷ്യാൽ ഫാ. വാൾട്ടർ തേലപ്പിള്ളി, വികാർ പ്രൊവിൻഷ്യാൽ ഫാ. തോമസ് ചക്കാലമറ്റത്ത് എന്നിവരുടെയും മറ്റ് വൈദികരുടെയും സാന്നിധ്യം ദൈവജനത്തിന് വലിയ പ്രചോദനം നൽകി. തുടർന്ന് മൂന്നു ദിവസം എൽത്തുരുത്ത് ആശ്രമദേവാലയം രാപ്പകൽ ആരാധനാ സ്തുതി കീർത്തനങ്ങളാൽ മുഖ

രിതമായി. വിവിധ കുടുംബകൂട്ടായ്മകളുടെയും ഭക്തസംഘടനകളുടെയും മറ്റ് ഇടവകയിലേയും അംഗങ്ങൾ ഒന്നു ചേർന്ന് ദിവ്യകാരുണ്യനാഥനെ ആരാധിച്ച് അനുഗ്രഹം പ്രാപിച്ചു. വെള്ളിയാഴ്ച രാത്രി മുഴുവനും ജാഗരണ ആരാധനയും, ഭീകരരുടെ ബന്ദിയായി കഴിയുന്ന ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥനയും നടത്തി.

ആരാധന സമാപന ദിവസമായ ഞായറാഴ്ച വൈകീട്ട് 3 മണിക്ക് വി. ചാവറ പിതാവിന്റെ ഇപ്പോഴത്തെ പിൻഗാമി, സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ റവ. ഡോ. ഫാ. പോൾ ആച്ചാണ്ടിയുടെ മുഖ്യകാർമ്മികത്വത്തിൽ അനേകം വൈദികരുടെ സഹകാർമ്മികത്വത്തോടുകൂടി സമൂഹബലി അർപ്പിക്കപ്പെട്ടു. തുടർന്ന് വളരെ പ്രാധാന്യം നിറഞ്ഞ അവസരങ്ങളിൽ മാത്രം അനുവദിക്കാറുള്ള പൊതുനിരത്തിലൂടെയുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് എൽത്തുരുത്ത് സാക്ഷിയായി.



ദൈവിക കൃപകളും അനുഗ്രഹവും ചൊരിഞ്ഞു കൊണ്ട് ദിവ്യകാരുണ്യനാഥൻ എൽത്തുരുത്തിന്റെ വീഥിയിലൂടെ ജനസഹസ്രങ്ങളുടെ ഇടയിലൂടെ എഴുന്നള്ളി. സാഗർ രൂപതാ മുൻഅധ്യക്ഷൻ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവാണ് ദിവ്യകാരുണ്യ പ്രദ

ക്ഷിണത്തിന് ആരംഭം കുറിച്ചത്. ദിവ്യകാരുണ്യം എഴുന്നള്ളിക്കുവാൻ കാർമ്മികനായത് പ്രൊവിൻഷ്യാൾ റവ. ഫാ. വാൾട്ടർ തേലപ്പിള്ളിയായിരുന്നു. അനേകം സന്യാസ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും എൽത്തുരുത്തിലെയും മറ്റ് അനേകം ഇടവകകളിലേയും ആയിരങ്ങളുടെയും സാന്നിധ്യം ഇത് ചരിത്രസംഭവമാക്കി. തിങ്ങി നിറഞ്ഞ ജനത്തിനിടയിലൂടെ എൽത്തുരുത്ത് പള്ളി മുറ്റത്ത് എത്തിയ ദിവ്യകാരുണ്യനാഥൻ ഏവരേയും ആശീർവ്വദിച്ച് അനുഗ്രഹീതരാക്കി. തുടർന്ന് ഭക്തി ഗാനമേളയും സ്നേഹവിരുന്നും ഉണ്ടായിരുന്നു. ഈ ആത്മീയ ഉത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

***************

## അനുസ്മൃതി -42

# നമ്മുടെ അമ്മ

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ

ഈ ലേഖനത്തിലൂടെ മരിയഭക്തി വളർത്തുന്നതിനനുകൂലമായ ന്യായങ്ങളെക്കുറിച്ചും മരിയഭക്തി പ്രചാരണത്തിൽ സി.എം.ഐ സഭയുടെ പങ്കെന്തായിരുന്നു എന്നും ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ വിശദമാക്കുന്നു. മരിയഭക്തി സി.എം.ഐ സഭയുടെ മുഖമുദ്രയാണ് അതു വളർത്തുന്നതിൽ സഭാംഗങ്ങൾ ജാഗരൂകരായിരിക്കണം എന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

എഡിറ്റർ

ബൈബിളിൽ സൂചിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെടുന്ന മനുഷ്യർക്ക് ഭൂമിയിൽ ആകൃതിയും പ്രകൃതിയും വ്യക്തിത്വത്തിന്റെ തനിമയും ലഭിക്കുന്നത് (ഉല്പത്തി 1:26) അമ്മയിലൂടെയാണ്. ഇപ്രകാരം മനുഷ്യജീവിതത്തിൽ നിർണായകമായ പങ്കു വഹിക്കുന്ന അമ്മയ്ക്ക് ദൈവം ഇത്രമാത്രം പ്രാധാന്യം കൊടുത്തിട്ടുണ്ടെങ്കിൽ ലോകരക്ഷകനായ ദൈവപുത്രന്റെ അമ്മയെ ദൈവം എത്രമാത്രം പരിഗണിക്കുന്നു എന്നും മനുഷ്യർ എങ്ങനെ പരിഗണിക്കണമെന്നും ചിന്തിക്കുന്നതിനോടൊപ്പം ഈ അമ്മയ്ക്ക് മനുഷ്യമക്കളോടുള്ള ബന്ധവും ഉത്തരവാദിത്വവും എന്താണെന്നും വിലയിരുത്തേണ്ടതുണ്ട്.പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിനുശേഷം കാലാകാലങ്ങളിൽ മനുഷ്യരുടെയിടയിൽ പ്രത്യക്ഷപ്പെടുകയും ദൈവത്തിന്റെ സന്ദേശം കൈമാറുകയും ചെയ്യുന്ന അമ്മയെ ഓർക്കുവാനുള്ള സുവർണാവസരമാണ് ഫാത്തിമായിൽ അമ്മ പ്രത്യക്ഷപ്പെട്ടതിന്റെ 100-ാം വർഷത്തിൽ.

കഴിഞ്ഞ 500 വർഷങ്ങൾക്കിടയിൽ പരിശുദ്ധമാതാവ് ലോകത്തിൽ പ്രത്യക്ഷപ്പെട്ട സന്ദർഭങ്ങളെ വിലയിരുത്തുമ്പോൾ വ്യക്ത

മാകുന്ന ഒരു കാര്യമുണ്ട്, എപ്പോഴെല്ലാം മനുഷ്യർ ദൈവത്തിൽ നിന്നും ദൈവികമൂല്യങ്ങളിൽ നിന്നും അകന്നുവോ അങ്ങനെയുള്ള സന്ദർഭങ്ങളുടെ തൊട്ടുമുമ്പോ പിമ്പോ അതേ അവസരങ്ങളിലോ ആണ് പരിശുദ്ധമറിയം ലോകത്തിൽ പ്രത്യക്ഷപ്പെട്ടത്. അവളുടെ സന്ദേശം പ്രധാനമായും പാപം ചെയ്യരുതെന്നും പാപത്തിനു പരിഹാരം ചെയ്യണമെന്നും പ്രാർത്ഥനയിൽ ആശ്രയിക്കണമെന്നും ജപമാല ചൊല്ലണമെന്നുമൊക്കെയാണ്. ഫാത്തിമായിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടപ്പോൾ അമ്മ ആവർത്തിച്ചു, ലോകസമാധാനത്തിനു വേണ്ടി മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്ന് തന്റെ തിരുക്കുമാരൻ ആഗ്രഹിക്കുന്നു എന്ന്. ആ ഹൃദയം തന്റെ തിരുക്കുമാരനും മനുഷ്യമക്കൾക്കും വേണ്ടിമാത്രം ത്രസിച്ച ഒരു ഹൃദയമാണ്.

## രക്ഷണീയപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട പരിശുദ്ധമറിയം

മനുഷ്യവംശത്തിന്റെ രക്ഷാകരപദ്ധതിയിൽ ദൈവത്തോടു ചേർന്നുനിന്ന് സഹകരിക്കുവാൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് പരിശുദ്ധമാതാവ് എന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യവംശത്തെ രക്ഷിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ലോകത്തിലേക്കയക്കുക എന്നത് പിതാവായ ദൈവത്തിന്റെ ഇഷ്ടമായിരുന്നു.(യോഹ.3:16, ഫിലി.2:6-11). ഇതിൽ ഒരു സ്ത്രീയുടെ പങ്കാളിത്തം ഉണ്ടായിരിക്കണമെന്നതും ദൈവനിശ്ചയമായിരുന്നു.(ഉല്പ.3:15; വെളി.12:1-6). ക്രിസ്തുവിന്റെ ജനനത്തിന് 700 വർഷങ്ങൾക്ക് മുമ്പ് ഐസയാസ് പ്രവാചകൻ വഴി നടത്തിയ പ്രവചനം കന്യകാമറിയത്തിലൂടെ പൂർത്തീകരിക്കപ്പെട്ടു, അവളിലൂടെ പരിശുദ്ധാത്മാവിനാൽ ജനിച്ച ഈശോയെ എമ്മാനുവേൽ എന്നു വിളിച്ചപ്പോൾ (ഏശ.7:14; മത്താ.1:22,23) എലിസബത്ത് തന്റെ അടുത്തേക്ക് വന്ന ചേച്ചിയുടെ മകളായ മറിയത്തെനോക്കി പറഞ്ഞു: കർത്താവിന്റെ അമ്മ എന്ന് (ലൂക്ക.1:43). ഈശോയുടെ രക്ഷാകരപരിഹാരപ്രവർത്തിയുടെ അവസാനനിമിഷങ്ങളിൽ കുരിശിൽ കിടന്നുകൊണ്ട് താഴെനിൽക്കുന്ന

അമ്മയെനോക്കി മനുഷ്യവംശത്തിന്റെ പ്രതിനിധിയായി യോഹന്നാനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ(യോഹ.19:26); അമ്മയോടു: ഇതാ നിന്റെ മകൻ (യോഹ.19:27).

മറിയത്തെ സഹരക്ഷകയായി ദൈവം തിരഞ്ഞെടുത്തു എന്നതിന്റെ സൂചനയാണ് ഉൽപത്തി പുസ്തകത്തിന്റെ ആദിയിൽ കാണുന്നത് സ്ത്രീക്കും അവളുടെ പുത്രനും എതിരെ ശത്രുതയുളവാക്കും അവളുടെ മകൻ സർപ്പത്തിന്റെ തല തകർക്കും എന്നത്(ഉല്പ.3:15). പുതിയനിയമത്തിൽ മാതാവിന്റെ പങ്കാളിത്തത്തെക്കുറിച്ച് ശിമയോൻ പ്രവചിച്ചു: അവൾ അനേകരുടെ ഹൃദയവിചാരങ്ങൾ തിരിച്ചറിയുമെന്നും അവളുടെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുമെന്നും(ലൂക്ക.2:34). മനുഷ്യരുടെ ദുഃഖദുരിതങ്ങളിൽ അവരെ ആശ്വസിപ്പിക്കാനും അവർക്കുവേണ്ടി മദ്ധ്യസ്ഥയാകാനും ദൈവം അവളെ നിയോഗിച്ചു എന്നതാണ് അമ്മയെ അനുസരിച്ചുകൊണ്ട് ഈശോ ആദ്യ അദ്ഭുതം പ്രവർത്തിച്ചപ്പോൾ ചെയ്തത്(യോഹ2:3-5).തന്റെ തിരുസുതന്റെ രക്ഷാകരസഹനത്തിൽ പങ്കാളിത്തം ഏറ്റെടുത്തു എന്നതിന്റെ തെളിവാണ് കുരിശിന്റെ ചുവടുവരെ അനുഗമിച്ച അമ്മ ഒരുവാക്കുപോലും സംസാരിക്കാതെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട്(ലൂക്ക. 2:19;51) അവിടെ നിന്നതും (യോഹ.19:25-27) കുരിശിൽ നിന്നിറക്കിയ ഈശോയുടെ മൃതദേഹം തന്റെ തിരുമടിയിൽ സ്വീകരിച്ചതും.

ക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം ഭയചകിതരായ ശിഷ്യന്മാരെ ധൈര്യപ്പെടുത്തിക്കൊണ്ടു പരിശുദ്ധ അമ്മയുടെ നേതൃത്വത്തിലാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ സെഹിയോൻശാലയിൽ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നത്(അപ്പ.1: 13,14). അപ്പസ്തോലന്മാരിൽ നഷ്ടപ്പെട്ട യൂദാസിനുപകരം മത്യാസിനെ തിരഞ്ഞെടുക്കാനും പന്തക്കുസ്താദിനത്തിൽ സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോഴും സംഭവിച്ചതെല്ലാം അമ്മയുടെ സാന്നിദ്ധ്യത്തിലാണ്. അങ്ങനെ ക്രിസ്തുവിലൂടെ പുനരുദ്ധരിക്കപ്പെട്ട മനുഷ്യവംശത്തിന്റെ അവിഭാജ്യഘടകമാണ് പരിശുദ്ധ അമ്മ. ഇതു ദൈവത്തിന്റെ രക്ഷണീയകർമ്മത്തിൽ അമ്മയെ പങ്കുചേർക്കുന്നതിനുവേണ്ടി ആയിരുന്നു.

## പരിശുദ്ധ അമ്മയുടെ സമുന്നതസ്ഥാനം സഭയുടെ വിശ്വാസസത്യം

തിരുസഭയുടെ ഔദ്യോഗികപഠനങ്ങളെല്ലാം വിശുദ്ധഗ്രന്ഥത്തെയും സഭയുടെ നീണ്ടകാലപാരമ്പര്യങ്ങളെയും കണക്കിലെടുത്തുകൊണ്ടാണ്. അങ്ങനെയുള്ളതു മാത്രമേ വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കപ്പെടുകയുള്ളൂ. ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയിൽ ഇതര വ്യക്തികളിൽനിന്നും വിഭിന്നവും സമുന്നതവുമായ സ്ഥാനം പരിശുദ്ധമറിയത്തിനുണ്ട് എന്നതിന്റെ അംഗീകാരമാണ് അമ്മയേക്കുറിച്ചുള്ള ഓരോ വിശ്വാസപ്രഖ്യാപനങ്ങളും. മാതാവ് മനുഷ്യവംശത്തിലെ സമുന്നതവ്യക്തി എന്നതും ഇവ തെളിയിക്കുന്നു. ദൈവമാതാവ് (AD 431), നിത്യകന്യക(AD 649), ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോപിത(AD 1950)അമലോത്ഭവ(AD1854), എന്നീ പരിശുദ്ധ അമ്മയെ സംബന്ധിച്ച വിശ്വസപ്രഖ്യാപനങ്ങൾ ഈശോയോടു ചേർന്നുനിന്ന വ്യക്തിയാണ് മാതാവ് എന്നും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മാതാവ് അവിഭാജ്യഘടകമാണ് എന്നും തെളിയിക്കുന്നു. മനുഷ്യജീവിതത്തിൽ പങ്കുചേർന്ന അവളുടെ ഔദ്യോഗിക ഇടപെടലുകളെ കണക്കിലെടുത്തുകൊണ്ട് സഹരക്ഷക, മദ്ധ്യസ്ഥ എന്നതും ആസന്നഭാവിയിൽ വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കപ്പെടാം. മറിയംവഴി ഈശോയിലേക്ക് എന്നത് സഭാപഠനങ്ങളുടെ ഭാഗമാണ്.

## പരിശുദ്ധ അമ്മയുടെ പ്രത്യക്ഷങ്ങളും വെളിപ്പെടുത്തലുകളും

മനുഷ്യരുടെ ആത്മീയ പ്രതിസന്ധിയിൽ തിരുത്തുവാനും ശക്തി പകരുവാനും ഇടക്കിടക്ക് സ്വർഗ്ഗം വിട്ടിറങ്ങിവരുവാൻ ദൈവം തന്റെ അമ്മയെ അനുവദിച്ചിരിക്കുന്നു. ദത്തുപുത്രരായ മനുഷ്യരെ കൈവിടാൻ അമ്മയ്ക്കും സാദ്ധ്യമല്ല. അമ്മയുടെ വെളിപ്പെടുത്തലുകളിലെല്ലാം തന്നെ അമ്മയെ പരിചയപ്പെടുത്തിതരുന്നത് 'ഞാൻ അമലോത്ഭവയാണ്' എന്നാണ്. പ്രധാന സന്ദേശം: പാപം ചെയ്തു തന്റെ തിരുക്കുമാരനെ വീണ്ടും വേദനിപ്പിക്കരുത്, അനുതപിക്കുക, പ്രാർത്ഥിക്കുക എന്നതൊക്കെയാണ്. കഴിഞ്ഞ അഞ്ഞൂറുവർഷ

ങ്ങൾക്കിയടിൽ നടന്ന തിരുസഭ അംഗീകരിച്ചിരിക്കുന്ന മാതാവിന്റെ പല പ്രത്യക്ഷങ്ങളും തെളിയുന്നത് മൂല്യച്യുതി സംഭവിക്കുന്ന ലോകത്തിലേക്കുള്ള പുതിയസന്ദേശങ്ങളുമായാണ് അമ്മ ഇടപെടുന്നത് എന്നാണ്.

1531 ൽ മെക്സിക്കോയിലെ ഗുഡലുപെയിലും 1830 ൽ ഫ്രാൻസിലെ റ്യൂദുബാകിലും 1858 ൽ ലൂർദ്ദിലും 1917 ൽ ഫാത്തിമായിലും നടന്ന മരിയൻ പ്രത്യക്ഷീകരണങ്ങൾ കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കെതിരായുള്ള അമ്മയുടെ ഇടപെടലുകളായിരുന്നു. പ്രൊട്ടസ്റ്റന്റ് നവോത്ഥാനവും, ഫ്രഞ്ചു,റഷ്യൻ വിപ്ലവങ്ങളും പുതിയ സിദ്ധാന്തങ്ങൾക്കും തത്വശാസ്ത്രങ്ങൾക്കും വഴിതെളിച്ചു. ഇവയിൽ നല്ല വശങ്ങൾ പലതുമുണ്ടായിരുന്നെങ്കിലും നിലവിലുള്ളതിൽനിന്നു വേറൊരഗ്രത്തിലേക്ക് നീങ്ങി. പരിണിതഫലമായിരുന്നു കമ്മ്യൂണിസവും, ഫാസിസവും, നാസിസവും, ക്യാപിറ്റലിസവും, സോഷ്യലിസവും, നീരീശ്വരത്വവും, സെക്കുലറിസവുമൊക്കെ. ധാർമ്മികമൂല്യങ്ങൾക്കു വിലയില്ലാതായി.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ജനശ്രദ്ധയെ ദൈവത്തിലേയ്ക്കും വിശുദ്ധമായ ജീവിതത്തിലേയ്ക്കും നയിക്കുവാനായിരുന്നു അമ്മ പ്രത്യക്ഷപ്പെട്ടത്. ദൈവികരഹസ്യങ്ങൾ ബുദ്ധിമാന്മാരിൽനിന്നും ഈ ലോകത്തിന്റെ വിവേകികളിൽനിന്നും മറച്ചുവെച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിക്കൊടുത്തതിനെക്കുറിച്ച്(മത്താ.11:25) ഈശോ പ്രതിപാദിക്കുന്നതുപോലെ പരിശുദ്ധ അമ്മ ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്തുവാൻ പ്രത്യക്ഷപ്പെട്ടതധികവും കുട്ടികൾക്കായിരുന്നു എന്നതും, ശിശുക്കളെപ്പോലെയുള്ളവർക്കാണ് ദൈവരാജ്യം(മാർക്കോ.10:14) എന്ന ഈശോയുടെ പ്രഖ്യാപനത്തോടു ചേർന്നുനിൽക്കുന്നതാണ്. പരിശുദ്ധ അമ്മയുടെ പ്രത്യക്ഷങ്ങൾ തിരുസഭയെ നവീകരിക്കുന്നതിലും വിശുദ്ധീകരിക്കുന്നതിലും കാലാകാലങ്ങളിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

## മരിയഭക്തിയും കേരളസഭയും സി.എം.ഐ സഭയും

ആദ്യനൂറ്റാണ്ടുമുതൽ വിശുദ്ധ തോമാശ്ലീഹായിലൂടെ കേരളം ക്രിസ്തീയവിശ്വാസം സ്വീകരിച്ചു. അദ്ദേഹത്തോടുകൂടി മരിയഭക്തിയും നമ്മുടെ നാട്ടിലെത്തി എന്ന സഭാപാരമ്പര്യം നിലനില്ക്കു

ന്നു. കേരളസഭ നാളിതുവരെ ക്രിസ്തീയവിശ്വാസത്തിൽ വളരുവാൻ മാതാവിനോടുള്ള ഭക്തിയും പ്രധാനകണ്ണിയായിരുന്നു എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനുള്ള തെളിവുകളിലൊന്നാണ് മാതാവിന്റെ നാമത്തിലുള്ള കേരളത്തിലെ നിരവധി പള്ളികളും മരിയൻ തീർത്ഥാടനകേന്ദ്രങ്ങളും. ആഘോഷപൂർവ്വം മാതാവിന്റെ തിരുന്നാൾ വർഷംതോറും ആഘോഷിക്കാത്ത ഒരു കത്തോലിക്കാപള്ളിയും കേരളത്തിൽ ഉണ്ടാകുകയില്ല. കേരളീയരുടെ മരിയഭക്തിയെ തിരിച്ചറിഞ്ഞ 12-ാം പീയൂസ് മാർപ്പാപ്പ 1950 കളിൽ 50000 കൊന്തകളാണ് സമ്മാനമായി നൽകിയത്. 17,18,19 നൂറ്റാണ്ടുകളിൽ കേരളത്തിൽ പ്രവർത്തിച്ചിരുന്ന കർമ്മലീത്തമിഷനറിമാരും മരിയഭക്തിയെ വർദ്ധിപ്പിക്കുവാൻ നിമിത്തങ്ങളായിട്ടുണ്ട്.

പരിശുദ്ധമാതാവിന്റെ നാമത്തിൽ ജന്മമെടുക്കാനിടവന്ന സി.എം.ഐ സഭയുടെ മരിയൻ പ്രാധാന്യം ദൈവപരിപാലനയിലൂടെയാണ് മാതാവിലേക്ക് കേന്ദ്രീകരിക്കപ്പെട്ടത് എന്നു പറയാം. അമലോത്ഭവമാതാവിന്റെ ചിത്രത്തോടുകൂടിയ 'അത്ഭുത മെഡൽ' മനുഷ്യമനസ്സുകളിൽ ചലനം സൃഷ്ടിച്ചത് 1830-ൽ ഫ്രാൻസിലെ പാരിസിലുള്ള റ്യൂദുബാകിൽ അമലോത്ഭവമാതാവിന്റെ പ്രത്യക്ഷീകരണത്തോടുകൂടിയാണ്. വിശുദ്ധ കാതറൈൻ ലബോറിനു ലഭിച്ച മരിയൻ ദർശനത്തിലൂടെയാണ് അത്ഭുതമെഡൽ ഉണ്ടായത്. ഒരു വർഷത്തിനുള്ളിൽ 1831-ൽ മെയ് 11 ന് കന്യകാമാതാവിന്റെ നാമത്തിൽ അറിയപ്പെടാനിരുന്ന സി.എം.ഐ സന്യാസസഭയ്ക്കു തുടക്കമായി. മറ്റൊരു പരിപാലനയാണ് പരിശുദ്ധ അമ്മയെ അമലോത്ഭവയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ ആദ്യവാർഷികദിനത്തിൽ 1855 ഡിസംബർ 8-ന് സി.എം.ഐ സഭ കാനോനികമായി സ്ഥാപിക്കപ്പെട്ടത്. അമലോത്ഭവദൈവമാതാവിന്റെ ദാസസംഘം എന്ന പേരോടുകൂടിയാണ് അവർ ആരംഭിച്ചതെങ്കിലും കർമ്മലമാതാവിന്റെ നാമവും അതിനോട് ദൈവപരിപാലനയിലൂടെ കൂട്ടിചേർക്കപ്പെട്ടു. നമ്മുടെ സ്ഥാപകപിതാക്കന്മാരായ പാലക്കൽ, പോരുക്കര തോമാച്ചന്മാരും ചാവറ കുര്യാക്കോസച്ചനും വലിയ മരിയഭക്തരായിരുന്നു.

വിശുദ്ധ ചാവറപിതാവ് തന്റെ ജീവിതത്തിലുള്ള മാതാവിന്റെ മദ്ധ്യസ്ഥശക്തിയേക്കുറിച്ചിപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്:

“അമ്മയുടെ നാമത്തിൽ വല വീശിയാൽ എന്തെങ്കിലും ലഭിക്കാതെ വല തിരിച്ചു വലിച്ചിട്ടില്ല” എന്നാണ്. അദ്ദേഹം കൂനമ്മാവിൽ കന്യാസ്ത്രീമഠം ആരംഭിച്ചപ്പോൾ അവർക്കുകൊടുത്ത ആദ്യപരിശീലനം കൊന്തയും ഉത്തരീയവും ഉണ്ടാക്കുവാനാണ്. അവരിലൂടെ അതു വളർന്നു ആ നാട്ടുകാരുടെ ഉപജീവനമാർഗ്ഗവും മരിയഭക്തി പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയുമായി. 150 വർഷങ്ങൾക്കുശേഷം ഇന്നും കൂനമ്മാവ് ലോകോത്തര കൊന്തനിർമ്മാണകേന്ദ്രമായി തുടരുന്നു. മാതാവിന്റെ മെയ്മാസഭക്തി ആദ്യമായി ആരംഭിച്ചത് മാന്നാനത്തായിരുന്നു. മെയ്മായവണക്കം എന്നപേരിൽ ദേവാലയങ്ങളിലും കുടുംബങ്ങളിലും മെയ്മാസവണക്കം പ്രചരിപ്പിച്ചത് 1864 മുതൽ മാന്നാനത്തുനിന്നടിച്ചിറക്കിയ പ്രാർത്ഥനപുസ്തകങ്ങളിലൂടെയാണ്. മിഷനറിമാരിൽനിന്നുകിട്ടിയ അറിവുപയോഗിച്ച് 31 ദിവസങ്ങളിലേക്കുള്ള പ്രാർത്ഥനകളും ദൃഷ്ടാന്തങ്ങളും സി.എം.ഐ വൈദികരാണ് എഴുതിയുണ്ടാക്കിയത്. ഒക്ടോബർ മാസത്തിലെ കൊന്തനമസ്ക്കാര ഭക്തിയും ഇന്ന് നമ്മുടെ നാടിന്റെ സ്വന്തമെന്നുപറയാവുന്ന മരിയഭക്തിയാണ്. കുടുംബങ്ങളിൽ ജപമാലചൊല്ലി പ്രാർത്ഥിക്കുന്നതിനെക്കുറിച്ച് ചാവറപിതാവിന്റെ ചാവരുളിൽ ഓർമ്മിപ്പിക്കുന്നു. 1902ലാണല്ലോ മലയാളത്തിലെ ആദ്യത്തെ ക്രിസ്തീയ,സംസ്ക്കാരിക മാസിക ‘കർമ്മലകുസുമം’ എന്നപേരിൽ പുറത്തിറങ്ങിയത്. മാതാവിന്റെ നാമത്തിലുള്ള ‘നീലമുന്നണി’ എന്ന സംഘടനയ്ക്ക് ഈ മാസികയിലൂടെയാണ് രൂപം കിട്ടിയത്. യുവജനങ്ങളിലും കുട്ടികളിലും മരിയഭക്തി വളർത്തുവാൻ ‘നീലമുന്നണി’ വളരെയധികം സഹായിച്ചു. ഇപ്രകാരം മരിയഭക്തിയിൽ ദൈവജനത്തെ വളർത്തുന്നതിനും ഈ ഭക്തി പ്രചരിപ്പിക്കുന്നതിലും നൂറ്റിയെൺപതിലേറെ വർഷങ്ങളായി നമ്മുടെ സഭാംഗങ്ങൾ നേതൃത്വം കൊടുത്തിരുന്നു.

## നമുക്കിനി എന്തു ചെയ്യാനുണ്ട്

ഇവിടെ രണ്ടുകാര്യങ്ങൾ ചിന്താവിഷയമാക്കേണ്ടതുണ്ട് ഒന്നൊരു പുനഃപരിശോധനയും വിലയിരുത്തലും രണ്ടാമതായി പുതിയ ഉണർവ്വോടെ കർമ്മപദ്ധതികൾ കണ്ടെത്തണം. ഇന്ന് കത്തോലിക്കാവിശ്വാസവും അതിൽനിന്നുളവാകുന്ന ആത്മീയതയും വളരെ വേഗം കുറയുന്നതായി കാണുന്നു. അതിന്റെ ഫലമായി സഭ

ഉപേക്ഷിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇതിനുള്ള പലകാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് മരിയഭക്തിയിൽനിന്നും വിശുദ്ധരോടുള്ള ഭക്തിയിൽനിന്നും വിശ്വാസികളെ പിന്തിരിപ്പിക്കുന്നു എന്നുള്ളതാണ്. നമ്മുടെ നാട്ടിൽതന്നെ മാതാവിനെ തള്ളിപറയുന്ന സെക്ടുകളുടെ എണ്ണം കൂടിവരികയാണ്. ഇതിനുള്ള അടിസ്ഥാന കാരണങ്ങളിലൊന്ന് മാതാവിനെക്കുറിച്ചുള്ള യഥാർത്ഥഭക്തി പ്രചരിപ്പിക്കാത്തതുകൊണ്ടാണ്. പരിശുദ്ധമാതാവിനെ ഉപേക്ഷിച്ചാൽ സഭയെ തള്ളിപറയുവാൻ എളുപ്പമാകുമെന്നുള്ള എതിർശക്തികളുടെ ഉറപ്പിനെ നമ്മൾ നല്ലവണ്ണം തിരിച്ചറിയേണ്ടതുണ്ട്. തിരുസഭയുടെ പഠനങ്ങളിൽ നിന്നകന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും ഇതിന്റെ മറുവശമായി സഭയുടെയും പരിശുദ്ധ അമ്മയുടെയും തനിമ എന്തെന്നു വ്യക്തമാക്കി കൊടുക്കാത്തതുമാകുന്നു.

ഈ രണ്ടു കാര്യങ്ങളിലും സി.എം.ഐ സഭയുടെ ഉത്തരവാദിത്വം നിർണായകമാണ്. മുൻകാലങ്ങളിൽ നമ്മുടെ സഭാംഗങ്ങൾ മരിയഭക്തരും മരിയൻപ്രചാരകരും ആയിരുന്നു. തിരുസഭയുടെ പഠനങ്ങൾ വിവിധഗ്രന്ഥങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഭക്താനുഷ്ഠാനങ്ങളിലൂടെയും നവീകരിച്ചുകൊണ്ടിരുന്നവരാണ്. ഈ കാര്യത്തിൽ നമ്മൾ പിന്നോട്ടുപോയിട്ടില്ലേ എന്ന പരിശോധനയും തിരുത്തലും അനിവാര്യമാണ്. ഒരിക്കൽ മരിയഭക്തി നമ്മുടെ സഭയുടെ മുഖമുദ്രയായിരുന്നെങ്കിൽ ഇന്നതു നഷ്ടപ്പെട്ടോ എന്നു കണ്ടെത്തണം.

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

അമ്മയെപോലെ ഇന്നു നമ്മൾ മനുഷ്യജീവന്റെ നിലനില്പ്പിനുവേണ്ടി പ്രവർത്തിക്കണം. ദൈവം ഒരമ്മയിലൂടെ തരുന്ന വരദാനമാണ് മനുഷ്യജീവൻ. പ്രോലൈഫിനുവേണ്ടി നാം നിലകൊള്ളണം. കുടുംബനവീകരണത്തിൽ കുടുംബപ്രാർത്ഥന ഒന്നാമത്തേതാണ്. ജപമാല കുടുംബങ്ങളിൽ മുടങ്ങാതിരിക്കാൻ നമ്മൾ പ്രേരണയാകണം. ക്രിസ്തുവിന്റെയും തിരുസഭയുടെയും ജീവിതത്തിൽ മറിയത്തിനുണ്ടായിരുന്ന സ്ഥാനം എന്തായിരുന്ന് എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. സദാചാരങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുവാൻ മരിയഭക്തനായിരുന്ന വിശുദ്ധ ചാവറപിതാവിന്റെ 'നല്ല

അപ്പന്റെ ചാവരുൾ' കുടുംബപ്രേഷിതത്വത്തിലെ ഉപാധിയാക്കണം. ആദ്യശനിയാഴ്ചകളിൽ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി അദ്ദേഹത്തിന്റെ ചാവരുൾ പഠനവിഷയമാക്കണമെന്നു നിർദ്ദേശിച്ചതുപോലെ എല്ലാ ആദ്യ ശനിയാഴ്ചകളിലും നമ്മുടെ ആശ്രമദേവാലയങ്ങളിൽ ചുറ്റുപാടുമുള്ള ക്രൈസ്തവകുടുബാംഗങ്ങൾക്ക് ഒരുമിച്ചുകൂടുവാനുള്ള അവസരവും മരിയഭക്തിയെക്കുറിച്ചു ശ്രവിക്കാനും കുമ്പസാരിച്ചു വിശുദ്ധകുർബ്ബാന സ്വീകരിച്ചുകൊണ്ടു കുടുംബസമാധാനത്തിനും ലോകസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കാനുമുള്ള അവസരവും നൽകാൻ സാധിക്കുമെങ്കിൽ നമ്മുടെ ഭാഗത്തുനിന്നുള്ള വലിയൊരു സഹകരണമായിരിക്കും ഇത്.

****************

# FROM THE GOLDEN RECORDS -38

## ലെയോപ്പോൾദച്ചനും വിശുദ്ധ ചാവറപിതാവും ഒരുമിച്ച് സഭാംഗങ്ങൾക്ക് എഴുതിയ സർക്കുലർ

*1859-ൽ കേരളത്തിൽ വന്ന ഒരു കർമലീത്താ മിഷനറിയാണ് ലെയോപ്പോൾദു ബെക്കാറോ. 1863-ൽ കർമലീത്താ നിഷ്പാദുക മൂന്നാം സഭയുടെ അന്നത്തെ സി.എം.ഐ സഭയുടെ പ്രൊവിൻഷ്യൽ ദലഗാത്തായി അദ്ദേഹം നിയമിക്കപ്പെട്ടു. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മോൺ. ബർണർദിനോസ് ബച്ചിനേല്ലിയുടെ പ്രതിനിധിയായ പ്രൊവിൻഷ്യൽ ദലഗാത്ത് എന്ന സ്ഥാനം 1873 വരെ അദ്ദേഹം വഹിച്ചു. മാർത്തോമാക്രിസ്ത്യാനികൾക്ക് സ്വന്തം മെത്രാനെ ലഭിക്കുന്നതിന് റോമിലേക്ക് കത്തിടപാടുകൾ നടത്തുന്നതിൽ വൈദികരെ സഹായിച്ചു എന്ന കുറ്റം ആരോപിച്ച് 1876 ജനുവരി 1-ന് അദ്ദേഹം റോമിലേക്ക് തിരികെ വിളിക്കപ്പെട്ടു. പ്രൊവിൻഷ്യൽ ദലഗാത്ത് എന്ന നിലയിൽ, കൊവേന്തകളുടെ പ്രിയോരായ ചാവറയച്ചനുമൊത്ത് 1869 ജൂലൈ 1-നാണ് ഈ സർക്കുലർ എഴുതിയത്. കത്തിന്റെ മൂലരൂപം കണ്ടുകിട്ടിയിട്ടില്ല. അന്നത്തെ കൊവേന്തകളുടെ നാളാഗമങ്ങളിൽ ഇത് പൂർണരൂപത്തിൽ പകർത്തി എഴുതിയതായി കാണുന്നുണ്ട്. വാഴക്കുളം നാളാഗമത്തിലെ ചാവറയച്ചന്റെയും ലെയോപ്പോൾദച്ചന്റെയും സ്വന്തം കൈയൊപ്പോടുകൂടെയുള്ള പകർപ്പാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. ഒറിജിനൽ ടെക്സ്റ്റിന്റെ അവസാനപേജാണ് ഇവിടെ ചേർത്തിരിക്കുന്നത്. ആശയവ്യത്യാസം വരുത്താതെ ഭാഷയിൽ ചില തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. ഇടക്കുള്ള തലക്കെട്ടുകൾ കൂട്ടിച്ചേർത്തതാണ്.*

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ**



## പകർപ്പ്

ഈശോ മറിയം യൗസേപ്പ്

നിഷ്പാദുക കർമലീത്താ മിഷനറി അപ്പസ്തോലിക്കായും കൊവേന്തകളുടെ പ്രൊവിൻഷ്യൽ ദലഗാത്തുമായ വിശുദ്ധ യൗസേപ്പിന്റെ ലെയോപ്പോൾദു മരിയയും കൊവേന്തകളുടെ പ്രിയോരായ കുറിയാക്കോസ് ഏലിയായും ചേർന്ന് മാന്നാനം, കൂനമ്മാവ്, എൽത്തുരുത്ത്, കാർമൽ (വാഴക്കുളം) എന്ന കൊവേന്തകളിൽ കൂടിയിരിക്കുന്ന അച്ചന്മാർക്കും ശേഷം കൂടപ്പിറപ്പുകൾക്കും എഴുതുന്നത്.

സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, എത്രയും പ്രിയമുള്ള മക്കളേ, ഞങ്ങൾ രണ്ടുപേരും പ്രായത്താലും അസുഖത്താലും ദൈവനീതിയുടെ സിംഹാസനത്തിൻ മുൻപിൽ കാണപ്പെടാറായിരിക്കുന്നു. ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാവുകൾക്ക് വളരെ ഉപകാരമുള്ളതും എന്ന നിലയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സന്യാസസമൂഹത്തിൽ കാണപ്പെടുന്ന ക്രമക്കേടുകളെ കണക്കാക്കാതെ അതിനെ നാശത്തിന്റെ വഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു എന്ന വലിയ കുറ്റം ഞങ്ങളുടെ മേൽ ചുമത്തപ്പെടരുതല്ലോ. അതിനാൽ ദുഃഖം നിറഞ്ഞ ഹൃദയത്തോടെ ഈ ഉപദേശങ്ങൾ നിങ്ങളെ അറിയിക്കുന്നു. ഇത്, ഒരുപക്ഷേ , ഞങ്ങളുടെ അവസാനത്തെ എഴുത്തായിരിക്കാം. പിതാക്കന്മാർ എന്ന നിലയിലുള്ള ഞങ്ങളുടെ അന്തിമ വചസ്സുകളായി ഇതിനെ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, നമ്മുടെ ഈ വീനീതസമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല. പിന്നെയോ, തമ്പുരാൻ തന്നെ ഇതിനെ എത്ര അത്ഭുതകരമായ വിധത്തിൽ സ്ഥാപിക്കുകയും, നടത്തുകയും വളർത്തുകയും ചെയ്തു എന്നതിന് നിങ്ങൾ തന്നെ സാക്ഷികളാണല്ലോ. അതിനാൽ ഈ ദൈവികപ്രവൃത്തിക്ക് മാറ്റം വരുത്താൻ മനുഷ്യരുടെ പീഡനങ്ങൾക്കോ തിരസ്ക്കരണങ്ങൾക്കോ സൃഷ്ടികളുടെ എതിർപ്പുകൾക്കോ സാധിക്കയില്ല. എന്നാൽ ഒരേയൊരു കാര്യം മതി ഇതിനെ നശിപ്പിക്കാൻ. അതായത്, നാം നമ്മുടെ

ദൈവവിളിയെ മറന്ന്, സന്യാസാന്തസ്സിന്റെ കടമകൾ ഉപേക്ഷിച്ച്, ഈ ജീവിതാവസ്ഥയുടെ സുകൃതങ്ങളായ എളിമ, ചൊൽവിളി, ഉപവി, സന്യാസ അടക്കം, യഥാർഥ ഭക്തി എന്നീ പുണ്യങ്ങൾ പ്രവൃത്തിയാലെ നിറവേറ്റാതെ വിചാരത്താൽ മാത്രം മതിയെന്നു വയ്ക്കുന്നുവെങ്കിൽ ഈ കൊവേന്തകൾ ചുരുങ്ങിയ കാലത്തിനുള്ളിൽ നശിക്കാൻ ഇടവരികയും ചെയ്യും.

ഇങ്ങനെ സംഭവിക്കാനുള്ള ലക്ഷണങ്ങൾ വളരെ വേദനയോടെ ഞങ്ങൾ കാണുന്നുണ്ട്. അതിനാൽ ഞങ്ങളുടെ സങ്കടകരമായ നിലവിളി നിങ്ങളെ അറിയിക്കുന്നു. നല്ല മുന്തിരിപ്പഴങ്ങൾ ലഭിക്കും എന്നോർത്ത് ഞാൻ കാത്തിരുന്നപ്പോൾ ഇതാ ചീത്ത ഫലങ്ങൾ കായ്ച്ചിരിക്കുന്നു. (ഏശ. 5:2)

ഇതാ, ഇപ്പോൾ കുറെ കാലമായിട്ട് എളിമ, ചൊല്ലുവിളി, ഉപവി, സന്യാസ അടക്കം, യഥാർഥ ഭക്തി എന്നിവ ജീവിതത്തിൽ അഭ്യസിക്കാനുള്ള സുകൃതങ്ങളായല്ല കരുതുന്നത്; മറിച്ച്, അവയെ അസാധ്യമായി കാണുന്നു, ആവശ്യമില്ലാത്തതായി കരുതുന്നു, വിശുദ്ധർക്ക് മാത്രം ഉള്ള പുണ്യങ്ങളായി പരിഗണിക്കുന്നു. അങ്ങനെ യാതൊരു ഭയമോ ഹൃദയചാഞ്ചല്യമോ കൂടാതെ ആ സുകൃതങ്ങൾക്ക് വിരുദ്ധമായത് പ്രവർത്തിക്കുക എന്നത് സാധാരണയായി തീർന്നിരിക്കുന്നു.

പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനു വേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളും ആയിരിക്കേണ്ട ഈ കൊവേന്തകൾ ഇപ്പോൾ കാര്യസ്ഥൻമാരുടെ കൂട്ടവും, സ്വന്തം ഇഷ്ടം ചെയ്യുന്നവരുടെ വീടുകളും, കഷ്ടിച്ചു മാത്രം കാര്യങ്ങൾ ചെയ്തു തീർക്കുന്നവരുടെ ഭവനങ്ങളും ആയിത്തീർന്നിരിക്കുന്നു. പ്രധാന നിയമങ്ങൾ മാത്രം അനുസരിക്കാൻ നോക്കുന്നവരുടെ ഭവനങ്ങളായിരിക്കുന്നു അവ. ആത്മീയ കാര്യങ്ങൾ സംസാരിക്കുന്നത് മാനക്കേടായും സന്യാസികൾക്ക് അനുയോജ്യമായ അടക്കവും ഭക്താഭ്യാസങ്ങളും മറ്റും ബുദ്ധിയില്ലാത്ത ഭോഷന്മാരുടെ രീതിയായും തീർന്നിരിക്കുന്നു. കൂടെപ്പിറപ്പുകളുടെ വാക്കുകളോടും ഇഷ്ടപ്പെടാത്ത അൽപമായ കാര്യങ്ങളോടും പ്രവൃത്തികളോടും പ്രതികരിക്കാതിരിക്കുന്നത് മണ്ടന്മാരുടെ പ്രവൃത്തിയായി പരിഗണിക്കപ്പെടുന്നു. ശാരീരിക സൗഖ്യം ആശയോടെ അന്വേഷിക്കുന്നതും ആവ

ശ്യമില്ലാത്ത സുഖങ്ങൾ ആഗ്രഹിക്കുന്നതും നിസ്സാര രോഗങ്ങളെക്കുറിച്ചുപോലും അമിതമായി ഉൽകണ്ഠപ്പെടുക, അത്തരം അവസരങ്ങളിൽ ആഗ്രഹിക്കുന്നതെല്ലാം കിട്ടിയില്ലെങ്കിൽ ദു:ഖിക്കുകയും പരാതിപ്പെടുകയും ചെയ്യുക, എന്നത് വളരെ സാധാരണയായി തീർന്നിരിക്കുന്നു. മൗനത്തിന്റെ സമയത്ത് സംസാരിക്കുക, മറ്റു കൊവേന്തകളുടെ കാര്യങ്ങൾ അറിയുന്നതിനു വലിയ ജിജ്ഞാസ കാണിക്കുക, രണ്ടുപേർ തമ്മിൽ കാണുമ്പോൾ വർത്തമാനം ആരംഭിക്കുക എന്നതും പതിവായിരിക്കുന്നു. സന്യാസികൾ പതിവായി ചെലവഴിക്കേണ്ട സ്ഥലം സ്വന്തം മുറിയാണ് എന്നത് മറന്നു പോയിരിക്കുന്നു. പകരം ഉറങ്ങാനും മറ്റുമുള്ള ഒരിടമായി മാത്രം മുറിയെ കണ്ട് ബാക്കി നേരമെല്ലാം അങ്ങുമിങ്ങും ചുറ്റി നടക്കുന്നതിൽ വിഷമവും കുറ്റവും കാണുന്നുമില്ല. ഏതെങ്കിലും നിസ്സാരമായ ജോലിയോ ഒരു ചെറിയ സുഖക്കേടോ ഉണ്ടായാൽ സമൂഹകൃത്യങ്ങളിൽ നിന്ന് ഒഴിവെടുക്കുന്നു. അധികാരിയുടെ അനുവാദം ആവശ്യമെന്നുപോലും തോന്നുന്നില്ല.

### യാത്രയിലെ സ്വാതന്ത്ര്യം

യാത്ര ചെയ്യുമ്പോൾ എങ്ങനെയും ആകാം എന്ന ധാരണയിൽ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ ഇറങ്ങി ആവശ്യമില്ലാത്ത വ്യക്തികളെ സന്ദർശിക്കുന്നു. ധ്യാനം, ജ്ഞാനവായന മുതലായ സന്യാസക്രമങ്ങൾ മുഴുവനായും ഉപേക്ഷിച്ച് യാത്രയുടെ കാലം സ്വാതന്ത്ര്യത്തിന്റെ കാലമായി കണക്കാക്കുന്നു. ഓരോരുത്തർക്കും ആയിരം ഇഷ്ടങ്ങളും ആയിരം ആവശ്യങ്ങളുമാണ്. ചിലരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ഒരു അധികാരി മതിയാകയില്ല എന്നു തോന്നിപ്പോകും. സമൂഹത്തെപ്രതിയും വിശുദ്ധിയെക്കുറിച്ചും സ്വന്തം ആഗ്രഹങ്ങളും സുഖങ്ങളും ത്യജിക്കേണ്ടി വരുമ്പോൾ, അല്ലെങ്കിൽ എന്തെങ്കിലും പ്രവൃത്തികളിലും ക്രമങ്ങളിലും ചെറിയ അസൗകര്യം അനുഭവപ്പെടുമ്പോൾ, നൂറുകൂട്ടം ന്യായങ്ങൾ പറഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കുന്നു.

കൊവേന്തയുടെ സാധനസാമഗ്രികൾ സൂക്ഷിക്കുക എന്നത് എല്ലാവരുടെയും കടമയും ഉപകാരപ്രദവുമാണല്ലോ. എന്നാൽ അതിനു പകരം അന്യരുടെ വസ്തു എന്നപോലെ ഓരോരുത്തരും

പെരുമാറുന്നു. അധികാരി കൽപ്പിക്കുന്നില്ലെങ്കിൽ, അവയെ ശ്രദ്ധയോടെയും സമൂഹത്തിന്റേതാണെന്ന ബോധ്യത്തോടെയും സൂക്ഷിച്ച് ഉപയോഗിക്കുന്നവർ കുറവാണ്. ചിലരാകട്ടെ, താൽപര്യമുള്ള അധികാരിയെയും സമൂഹാംഗങ്ങളെയും കണ്ടെത്തുവാനും തങ്ങൾക്കു സുഖപ്രദവും ഇഷ്ടപ്പെട്ടതുമായ സ്ഥലം അന്വേഷിച്ചും നമ്മുടെ നാലു കൊവേന്തകളും കയറിയിറങ്ങി നടക്കുകയാണ്. ഒടുവിൽ എല്ലായിടത്തും അസൗകര്യങ്ങളും സങ്കടങ്ങളും മുള്ളുകളും മാത്രം കണ്ടെത്തുന്നു. ഹാ! ഇങ്ങനെയുള്ള കൂടെപ്പിറപ്പുകൾ തമ്പുരാനെയും അവിടുത്തെ തിരുമനസ്സിനെയും മാത്രം അന്വേഷിച്ചിരുന്നെങ്കിൽ എല്ലായിടത്തും സൗഖ്യവും സന്തോഷവും ലഭിക്കുമായിരുന്നു. എന്നാൽ അവർ തമ്പുരാനെയല്ല, സ്വന്തം ഇഷ്ടവും മനസ്സും തേടുന്നതിനാൽ ഒരിക്കലും സൗഖ്യവും സന്തോഷവും കിട്ടുന്നില്ല.

### അനുസരണരാഹിത്യം : ദു:ഖകരം

എന്നാൽ, എല്ലാറ്റിലും അധികമായി ഞങ്ങളെ ദുഃഖിപ്പിക്കുന്നതും നമ്മുടെ ആശ്രമങ്ങൾക്ക് നാശകരവുമായ ഒരു കാര്യം ഇതാണ്. ഇപ്പോൾ നമ്മുടെ കൊവേന്തകളിൽ അധികാരികൾ അധീനരെപ്പോലെയും അധീനർ അധികാരികളെപ്പോലെയും ആയിരിക്കുന്നു; സ്വന്ത മനസ്സ് മാത്രം നിറവേറ്റുന്നു. അധികാരിയെ ഈശോമിശിഹായായി കാണുക, അയാളുടെ സ്വരം ഈശോമിശിഹായുടെ തിരുവചനമായി സ്വീകരിക്കുക, എന്നതിനു പകരം, അധികാരിയുടെ ബുദ്ധിയും വിവേകവും, പുണ്യങ്ങളും തൂക്കി നോക്കി, അവരുടെ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും വിലയിരുത്തി, അവരുടെ കൽപനകളെ പരിശോധിച്ച്, സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ചുള്ളതെങ്കിൽ അനുസരിക്കുന്നു. ഇഷ്ടപ്പെടാത്തതാണെങ്കിൽ നൂറുകൂട്ടം ന്യായങ്ങൾ പറഞ്ഞ് അനുസരിക്കാതിരിക്കാൻ ശ്രമിക്കുന്നു. അതും സാധിക്കുന്നില്ലെങ്കിൽ സങ്കടത്തോടെയും, പിറുപിറുപ്പോടെയും അനുസരിക്കുന്നു. മേലധികാരികൾ ഒരു കാര്യം ആവശ്യപ്പെടുമ്പോൾ അത് സ്വീകരിച്ച് സന്തോഷത്തോടെ അനുസരിക്കുന്നു, എന്നാൽ, അതേ കാര്യം തന്നെ മറ്റൊരു അധികാരി ആവശ്യപ്പെടുമ്പോൾ വിവേകമില്ലാത്തതും ന്യായമില്ലാത്തതുമായി കണക്കാക്കുന്നതും പലപ്പോഴും

കണ്ടു വരുന്നുണ്ട്. ഇപ്പോൾ അധികാരികൾ തമ്പുരാന്റെ ഇഷ്ടവും ക്രമവും നോക്കിയല്ല, മറിച്ച് മറ്റുള്ളവരുടെ മനസ്സും ഇഷ്ടവും നോക്കി എന്തെങ്കിലും കൽപിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കയാണ്. ദീർഘ കാലം കൊണ്ട് ചെയ്തു തീർക്കേണ്ട ഒരു ജോലി അധികാരി ഏൽപ്പി ച്ചാൽ വീണ്ടും വീണ്ടും ഓർമിപ്പിക്കാതെയും കൽപ്പിക്കാതെയും ആരും അത് നിറവേറ്റുന്നില്ല. അനുസരിക്കേണ്ട കാര്യങ്ങൾ അധി കാരിയുടെ ആഗ്രഹമായി പ്രകടിപ്പിച്ചാൽ അത് ചെയ്യുന്നതിനു പകരം കൽപ്പിച്ചാലേ നടക്കൂ എന്ന അവസ്ഥയാണിന്ന്.

ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഇതാണോ നമ്മുടെ ദൈവവിളി? നാം കൊവേന്തയിൽ ചേർന്നത് നമ്മുടെ ഇഷ്ടങ്ങൾ നിറവേറ്റാനാണോ? നമുക്കിഷ്ടപ്പെടുന്ന അധികാരികളെ അനുസ രിക്കാനാണോ? ഇഷ്ടപ്പെടുന്ന കാര്യങ്ങൾ മാത്രം ചെയ്യാനാണോ? അങ്ങനെയെങ്കിൽ നമ്മുടെയും വിജാതീയരുടെയും അനുസരണം തമ്മിൽ എന്തു വ്യത്യാസം? നമ്മുടെ ഇഷ്ടം പോലെ പ്രവർത്തി ക്കാനാണെങ്കിൽ ഈ സന്യാസജീവിതം തിരഞ്ഞെടുത്തത് എന്തിന്? കൊവേന്തയിൽ ചേർന്നതും എന്തിന്?

ഈ കാര്യങ്ങളെല്ലാം പൊതുവെ എല്ലാ വൈദികരെയും സന്യാസികളെയും സഹായ സഹോദരന്മാരെയും, പ്രായമായ വരെയും ചെറുപ്പക്കാരെയും ബാധിക്കുന്നതാണ്. എന്നിരുന്നാലും ഞങ്ങളും, നമ്മുടെ എല്ലാ ആശ്രമങ്ങളും വലിയ പ്രത്യാശ വച്ചിരി ക്കുന്ന ചെറുപ്പക്കാരും നവവൈദികരും മറ്റുള്ളവരെക്കാൾ മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഓർമ പോലും ഇല്ലാത്തവരായി നടക്കുന്നു എന്ന് കേൾക്കുമ്പോൾ ഞങ്ങൾക്കുള്ള ദുഃഖം അത്യധി കമാണ്. ഈ ചെറുപ്പക്കാരായ കൂടെപ്പിറപ്പുകൾ മറ്റുള്ളവരെക്കാൾ ദൈവകൃപകൾ സ്വീകരിച്ചവരും, വളരെ വർഷങ്ങളുടെ സ്നേഹപൂർവ കമായ പരിചരണം സ്വീകരിച്ച് വളർത്തപ്പെട്ടവരുമാണ്. അവർ മറ്റു ള്ളവർക്ക് എളിമ, അനുസരണം, ഭക്തി എന്നിവയുടെ കണ്ണാടിക ളായി നടക്കുന്നതിനു പകരം നൊവിഷ്യേറ്റു ഭവനത്തിൽ നിന്നും പുറത്തു വരുമ്പോൾ തന്നെ ചങ്ങല പൊട്ടിച്ച് സ്വതന്ത്രമായി വ്യാപ രിക്കുന്നു. മുൻപ് പഠിച്ചവയും, കേട്ട ഉപദേശങ്ങളും മറന്ന് അവരും ഒരായിരം ആഗ്രഹങ്ങളും ആവശ്യങ്ങളും ഉള്ളവരായി മാറുന്നു. തങ്ങൾ വലിയവരാണെന്ന ഭാവം നടിച്ച് അനുസരിക്കാൻ മടിക്കു

ന്നു; എളിമപ്പെടുവാൻ അറിയാത്തവരെപ്പോലെയാകുന്നു; തന്നിഷ്ടം പോലെ നടക്കാൻ ശ്രമിക്കുന്നു. മറ്റുള്ളവരെക്കാൾ തങ്ങൾക്ക് കൂടുതൽ അറിവും, അനുഭവജ്ഞാനവും ഉണ്ടെന്ന ഭാവത്തിൽ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും സ്വന്തം അഭിപ്രായങ്ങൾ പറയുന്നു. എല്ലാറ്റിനെയും കുറ്റം പറയുന്നു.

ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, നിങ്ങളുടെ ദൈവ വിളിയുടെ കടമകൾ നിർവഹിക്കാൻ നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ ആത്മാവിനെ രക്ഷിക്കാൻ അറിയില്ലെങ്കിൽ പിന്നെ എന്ത് അറിവാണ് നിങ്ങൾക്കുള്ളത്? നിങ്ങൾ എന്തു പഠിച്ചിട്ടുണ്ട്.?

## സഹായസഹോദരന്മാരെക്കുറിച്ച്

നമ്മുടെ കൂടെപ്പിറപ്പുകളായ സഹായസഹോദരന്മാർക്ക് മുമ്പുണ്ടായിരുന്ന എളിമ, കീഴ്‌വഴക്കം, ഭക്തി എന്നിവ മാറിപ്പോയിരിക്കുന്നു. ജോലി ചെയ്യുന്നതിലുള്ള താൽപര്യം സങ്കടകരമാം വിധം കുറഞ്ഞിരിക്കുന്നു. പ്രവൃത്തി ചെയ്യുന്നതാകട്ടെ, തമ്പുരാനെക്കുറിച്ചല്ല പിന്നെയോ, ചിലർ പേടിയാൽ, മറ്റു ചിലർ തഴക്കം എന്നപോലെ : എല്ലാവരും ആത്മീയ ഫലമില്ലാതെ ചെയ്തു കൂട്ടുന്നു. ഇവരിൽ ചിലർ കുമ്പസാരം മുതലായ കൂദാശകൾ അപൂർവമായി മാത്രം സ്വീകരിക്കുന്നു : അവരുടെ അനുസരണക്കുറവ് അധികാരികളെ ദുഃഖിപ്പിക്കുന്നു. അവരായിരിക്കുന്ന കൊവേന്തകളിലെയും മറ്റു കൊവേന്തകളിലെയും വർത്തമാനങ്ങൾ അന്വേഷിക്കുക, അച്ചന്മാരുടെ കാര്യങ്ങളിൽ ഇടപെടുക, തമ്മിൽ തമ്മിൽ രഹസ്യാലോചനകൾ നടത്തുക എന്നിവയും അവർ ചെയ്തു വരുന്നു. ഹാ! പ്രിയമുള്ള കൂടപ്പിറപ്പുകളേ, ഇതാണോ നിങ്ങളുടെ ദൈവവിളി? ഇതാണോ കൊവേന്തയിൽ വന്ന കാലത്ത് നിങ്ങൾ ചെയ്തു ശീലിച്ചത്?

എന്നാൽ ഇത്തരം തിന്മകൾ വന്നുഭവിക്കാനുള്ള ഒരു കാരണം അധികാരികളുടെ അമിതമായ പരിഗണനയാകുന്നു. അവർ അധീനരുടെ തെറ്റായ പ്രവണതകളെ നിർമൂലമാക്കുക, ആവശ്യമുള്ളപ്പോൾ കുറ്റപ്പെടുത്തുക, ശിക്ഷണം നൽകുക എന്നിവയിൽ ശ്രദ്ധിക്കാതെപോയി. ദൈവതിരുമുമ്പാകെ വാസ്തവമല്ലാത്ത ന്യായങ്ങളെക്കുറിച്ച് അധീനരുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ അനു

വദിച്ചു. അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളപ്പോൾ അവർ കീഴുള്ളവരുടെ ഇഷ്ടങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നു. സഹോദരന്മാരിൽ തിന്മകൾ കാണുമ്പോൾ അത് തിരുത്താൻ ശ്രദ്ധിക്കുന്നില്ല. ലൗകികമായ കാഴ്ചപ്പാടുകൾ പുലർത്തിക്കൊണ്ട് മേലധികാരികളെ വിവരം അറിയിക്കാനും തയ്യാറാകുന്നില്ല. ഇതുമൂലം വന്നു ഭവിക്കുന്ന എണ്ണമില്ലാത്ത നാശനഷ്ടങ്ങളെക്കുറിച്ച് അവർ തന്നെ തമ്പുരാന്റെ മുമ്പാകെ ഉത്തരവാദികളായിരിക്കുന്നു എന്ന് അധികാരികൾ അറിഞ്ഞിരിക്കട്ടെ. എന്നാൽ, മുകളിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ദൈവത്തിൻ മുമ്പിൽ ഉത്തരവാദികൾ ആകാതിരിക്കാൻ ദൈവത്തിന്റെ കരവേലയായ ഈ ആശ്രമക്കൂട്ടത്തിന്റെ അപകടസ്ഥിതി കണ്ടിട്ടും മിണ്ടാതിരുന്നാൽ അത് നശിച്ചു പോയി എന്നു വരും. ഇങ്ങനെ സംഭവിക്കാതിരിക്കാൻ മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ദാക്ഷിണ്യം പുലർത്താതെ അവരുടെ ക്രമമില്ലാത്ത ജീവിതത്തിന് കൂട്ടു നിന്ന് നാശത്തിലേക്ക് നീങ്ങുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് എല്ലാവരും അറിഞ്ഞിരിക്കട്ടെ.

ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഈ വിധത്തിൽ തുടരുകയാണെങ്കിൽ ഇരുപതു വർഷത്തിനുള്ളിൽ ഈ കൊവേന്തകൾ ഇല്ലാതായിത്തീരുമെന്ന് ഉറപ്പായിട്ട് വിശ്വസിക്കുവിൻ. കൊവേന്തകളുടെ ഉറപ്പ് അതിന്റെ ചുവരുകളുടെ കനമല്ല. പിന്നെയോ, അതിൽ ജീവിക്കുന്നവരുടെ തീക്ഷ്ണതയുള്ള സുകൃതജീവിതമാകുന്നു. ഏതെല്ലാം ദേശങ്ങളിൽ ഇതിനേക്കാൾ വലിയ കൊവേന്തകൾ സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ, എങ്ങനെ സംഭവിച്ചു എന്നറിയില്ല, ഇന്ന് അവയെല്ലാം കാടായി മാറിയിരിക്കുന്നു. ദുഷ്ടമൃഗങ്ങളുടെ ആവാസ സ്ഥാനവുമായിരിക്കുന്നു. നമ്മൾ ഈ ആശ്രമങ്ങളുടെ തുടക്കക്കാരാണ്. അതിന്റെ മൂലക്കല്ലുകളും. നമ്മുടെ പിൻഗാമികളായി കടന്നു വരുന്ന കൂടെപ്പിറപ്പുകൾ അൻപതു വർഷങ്ങൾക്കു ശേഷം നമ്മുടെ പേരും പ്രവൃത്തികളും നമ്മുടെ സാക്ഷ്യങ്ങളായി പരിഗണിച്ച് നമ്മെ അനുകരിക്കും. അവരുടെ ജീവിത രീതിയും ശുശ്രൂഷകളും നമ്മുടേതിനേക്കാൾ നിലവാരം കുറഞ്ഞു പോകാനാണല്ലോ സാധ്യത.

അവസാനമായി എത്രയും പ്രിയമുള്ള മക്കളേ, സ്നേഹിക്കപ്പെട്ട കൂടെപ്പിറപ്പുകളേ,നമ്മിൽ ആരും തന്നെ പട്ടിണി കൊണ്ടോ

ജീവിക്കാൻ നിവൃത്തി ഇല്ലാഞ്ഞിട്ടോ അല്ല കൊവേന്തയിൽ പ്രവേശിച്ചത്. നമ്മുടെ വീട്ടിൽ ലൗകിക സുഖങ്ങൾ നമുക്ക് വേണ്ടുവോളം ഉണ്ടായിരുന്നു. തുടർന്നും അത് അനുഭവിക്കാമായിരുന്നു. എന്നാൽ, നമ്മുടെ സമ്പത്തിനെയും മാതാപിതാക്കളെയും ഉപേക്ഷിച്ചത് തമ്പുരാനെക്കുറിച്ച് മാത്രമാണ്. ഇപ്പോൾ നമ്മുടെ മടിയും ജാഗ്രതക്കുറവും മൂലം നാം തമ്പുരാനെ ഉപേക്ഷിച്ചാൽ അത് എത്ര വലിയ അബദ്ധമാണ്! എത്ര വലിയ ഭ്രാന്താണ്!.

അവസാനമായി, ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കുവിൻ. എന്തെന്നാൽ കണക്ക് കൊടുക്കേണ്ട സമയം അടുത്തിരിക്കുന്നു.

ഇത്, കൂനമ്മാവിൽ നിന്നും ജൂലൈ 1, 1869

ആഹാ കുറിയാക്കോസ് ഏലിയാ പ്രിയോർ
(ഒപ്പ്)
വിശുദ്ധ യൗസേപ്പിന്റെ
ആഹാ ലെയോപ്പോൾഡ് മരിയ ഡലഗേറ്റ്
(ഒപ്പ്)

*News & Views*

# CHAVARA DHAM -THE INTER PROVINCE NOVITIATE BLESSED BY ARCHBISHOP

Chavara Dham, the newly constructed novitiate house of CMI St.Paul Province, Bhopal for all the seven North Indian CMI Provinces, was blessed by His Grace Rt. Rev. Dr. Leo Cornelio Cornelio SVD, Archbishop of Bhopal at 10.00 am on Wednesday, June 14, 2017 in the presence of Dr. Paul Achandy CMI, Prior General of the CMI Congregation, Fr. Justin Akkara, Provincial of St. Paul Province, all the provincials or North Indian Provinces of CMI Congregation, a large number of Fathers, Sisters Brothers and Faithful. The programme began with ribbon cutting ceremony at the main entrance of the house in the portico by the Prior General who offered special prayers of thanksgiving and sprinkled holy water on the main entrance and cut the ribbon.

Archbishop and all the dignitaries were solemnly welcomed by Fr. Justin Akkara CMI, Provincial of St. Paul Province, Bhopal. Archbishop blessed and anointed the main altar with the sacred oil and also blessed and marked the doors with sacred oil. He blessed also the Tabernacle and the liturgical articles. Fr. Prior General blessed the Crucifix, and that was followed by blessing of the statue of Mother Mary by Fr. Jossey Thamarassery, Provincial of Jagdalpur and the statue of St. Chavara by Fr. Biju Vadakel, Provincial of Bijnor. All the Provincials participated in blessing of the whole building. The blessing ceremony was followed by Holy Eucharist. Archbishop appreciated the CMIs for choosing Budni, where the diocese had requested the CMIs to open a new mission station in view of the Golden Jubilee of the Archdiocese of Bhopal. He considered it as God's will that was being realized now. He prayed for all the people

who worked hard and appreciated their coordination and collaboration which had been resulted in materialization of the novitiate house.

The choir prepared by Fr. Shepherd and Fr. Joby Pulickan and sung by the brothers from Carmel Niketan, Jabalpur and the sisters from St. Francis Convent, Budni,along with Fr. Varghese Kumnanchery made the liturgy and the blessing ceremony very melodious and a spiritual feast for all those attended the programme. Fr. Paulson Muthupeedika, Vicar Provincial of St. Paul Province, proposed vote of thanks after the Holy Eucharist and Mementoes were presented by the Provincial to the Archbishop, Prior General, Fr. Jose Akkarakaran CMI who made the first drawing, Mr. Amogh Gupta, architect, Mr. Rajan Lukose, the contractor and Fr. Rinto Porathukaran CMI who managed, supervised the construction and designed the chapel.

Soon after the meal, a seminar was held on ‘Formation for mission in the context of mission’ which was attended by about 70 fathers and sisters who are involved in formation one way or other. Dr. Paul Achandy CMI, Prior General delivered the orientation talk in which he focused the need of creating a new legacy at Budni. He had a practical analysis of the current situations and challenges in the field of formation and gave an electrifying message which vibrates every formator in today’s context. In response to the same and from personal experience the provincials and other formators presented their views on the topic. Starting from the top of the Himalayas –Fr. Biju Vadakel from Bijnor, Fr. Thomas Kolamkuzhyil from Rajkot, Fr. Emmanuel Kariyapurayidam from Bhavnagar, Fr. Josey Thamarassery from Jagdalpur, Fr. George Uthimattom from Chanda, Fr. Jins from Bellampally presented their views on the current situation in formation and suggested remedies. Sr. Alice, the Superior General of Sisters of Jesus put across to the gathering her own views on formation in the context of mission. There were other formators from women congregations - Sr. Smita from Franciscan Clarist Congregation, Sr. Ancy Maria who is novice mistress in Holy Family congregation, Sr.

Navvya Thattil Juniors mistress from OSF Congregation, Sr. Arpita CMC, postulant mistress, CMC congregation, Sr. Rashmi juniors mistress from the Priory of OSB congregation, who had practical experiences in the field of formation, and they shared how they were addressing these challenges. Fr. Paulson Thaliyath, the former general and provincial formation coordinator presented a glimpse of CMI formation programme with statistical reports and creative initiatives of the congregation. The seminar was concluded with remarks by the Prior General who summarized everybody's presentation. Fr. Justin Akkara CMI the Provincial, welcomed the gathering and Fr. Sany Kannampuzha, Novice Master of Chavara Dham Budni, proposed vote of thanks.

**Fr. Sany cmi**

**Address of Chavara Dham,**

**Chavara Dham, Budni**
**CMI Novitiate**
**Talpura Road,**
**Sehore District, M.P. 466445**

# Homage to Fr. George Thanchan CMI on First Death Anniversary

The first anniversary of the death of Rev. Fr. George Thanchan, who died on July 4, 2016 while in office as the General Councillor for Evangelization, has been commemorated at Chavara Hills, Kakkanad in a very meaningful and spiritual ceremony conducted on the 4th of July, 2017.

Rev. Fr. Paul Achandy, Prior General, welcomed the friends, family members and well wishers of Rev. Fr. George Thanchan during the Eucharistic Liturgy in the chapel for which Bishop Gratian Mundadan officiated in the company of Bishop Vijayanand Nedumpuram, the General Council members, Provincials, inmates of PG House, delegates and confreres from the nearby provinces and from Bhopal Province, and a number of priests from the neighbouring parishes and religious houses.



Reverend sisters from various religious congregations also were present for the commemoration including Rev. Mother Sibi, the Superior General of the CMC Congregation. Rev. Fr. Varghese Koluthara remembered Rev. George Thanchan during the homily with his own personal experiences about the deceased and his gracious and lovable

nature with all his intellectual accomplishments. Bishop Gratian Mundadan, Dr Sibi CMC, Dr. Sebastian Vaniapurackal, Dr Jose Kuriedathu, Dr George Edayadiyil, Dr Joby Pulickal, Dr Paulachan Kochappilly, etc., shared their intimate moments with the deceased and their genuine appreciation of the greatness of Dr. George Thanchan. Dr Vijayanand Nedumpuram released the newly printed doctoral thesis of Dr George Thanchan reflecting on his memories about him.



Rev. Fr. Prior General unveiled of picture of Dr George Thanchan at the reception area of the Prior General's House. In the afternoon, after the fellowship over the meals, a group of priests under the leadership of General Councillors, Rector of Dharmaram College, DVK President and priests from PG House joined the family members of Rev. Fr. George Thanchan and the inmates of Sagar Bhavan, Trichur, for the Office for the Dead at the tomb of the deceased. Let the memories of the dear departed stay alive with us!

*കർമ്മെലയിലെ സൗഗന്ധികങ്ങൾ*

# ഫാ.സൈറസ് മണ്ണനാൽ സി.എം.ഐ
## (1929–2017)



സി.എം.ഐ സഭയുടെ സെന്റ് ജോസഫ് പ്രവിശ്യയിലെ കോട്ടയം പ്രൊവിൻഷ്യൽ ഹൗസ് അംഗമായിരുന്ന ബഹു. സൈറസ് മണ്ണനാൽ അച്ചൻ (87) 2017 മാർച്ച് 16-ാം തീയതി നിര്യാതനായി.

ചങ്ങനാശ്ശേരി അതിരൂപതയിലെ കരിക്കാട്ടൂർ സെന്റ് ജെയിംസ് ഇടവകയിൽ പരേതരായ കുര്യാക്കോസ് മറിയം ദമ്പതികളുടെ മകനായി 1929 ഏപ്രിൽ 26-ാം തീയതി ജനിച്ചു. പരേതരായ ഏലിക്കുട്ടി അബ്രാഹം പുതുമന, ജോസഫ്, വിൻസെന്റ്, അബ്രാഹം, സ്കറിയ, മറിയക്കുട്ടി എന്നിവർ സഹോദരങ്ങളാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1945 ൽ മാന്നാനത്ത് വൈദികപഠനം ആരംഭിച്ചു. അംബഴക്കാട് നവസന്യാസഭവനത്തിൽ നൊവിഷ്യേറ്റു പൂർത്തിയാക്കിയ അദ്ദേഹം 1949 ഒക്ടോബർ 15-ാം തീയതി ആദ്യവ്രതവും 1952 ഒക്ടോബർ 15-ന് നിത്യവ്രതസമർപ്പണവും നടത്തി. കൂനമ്മാവിലും ചെത്തിപ്പുഴയിലും ബാംഗ്ലൂർ ധർമ്മാരാമിലുമായി തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കിയ ബഹു. സൈറസച്ചൻ 1957 ഏപ്രിൽ 6-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. കുശാഗ്രബുദ്ധിയും പരിപൂർണ സത്യസന്ധനും നീതിനിഷ്ഠനും കർമനിരതനുമായ ഒരുത്തമ സന്യാസ വൈദികനായിരുന്നു സൈറസച്ചൻ. തന്നെ ഭരമേൽപ്പിച്ചിരുന്ന കർത്തവ്യങ്ങളെല്ലാം തികഞ്ഞ ഉത്തരവാദിത്തബോധത്തോടെ മാതൃകാപരമായി നിറവേറ്റുവാൻ അച്ചന് കഴിഞ്ഞിരുന്നു.

കോട്ടയം സെന്റ് ജോസഫ് പ്രവിശ്യയുടെ പ്രൊവിൻഷ്യൽ കൗൺസിലറായും, ഓഡിറ്ററായും, ദീപികയുടെ ഓഡിറ്ററായും

സേവനം ചെയ്തിട്ടുള്ള സൈറസച്ചൻ ചെത്തിപ്പുഴ, കുര്യനാട് മുത്തോലി, പാലാ, പുതുപ്പള്ളി, കപ്പാട്, പരപ്പ്, കട്ടപ്പന, പുളിയല, പുനല്ലൂർ എന്നിവിടങ്ങളിലെ ആശ്രമങ്ങളിലും തന്റെ വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. ആനിക്കാട്, പുള്ളിക്കാനം ഇടവകകളിലും അമേരിക്കയിൽ ന്യൂയോർക്കിലും സൈറസച്ചൻ സ്തുത്യർഹമായി അജപാലനശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്.

വൈദിക-സന്യാസ അർത്ഥികളെ സമർപ്പിത ജീവിതത്തിന്റെ അടിസ്ഥാനപാഠങ്ങൾ പരിപ്പൂർണമായ ചിട്ടയോടെ പഠിപ്പിച്ചുകൊണ്ടു അദ്ദേഹം ചെയ്ത സേവനം മഹത്തരമാണ്. വിവിധസഭകളുടെ നവസന്യാസഭവനങ്ങളിൽ അദ്ദേഹം അത്യധികം ആദരിക്കപ്പെട്ട ഗുരുവായിരുന്നു. സി.എം.ഐ. സഭയുടെ നിയമാവലി രൂപീകരണത്തിൽ ഗണ്യമായ ഒരു പങ്കു വഹിച്ചിട്ടുള്ള ബഹു. സൈറസച്ചൻ അതിന്റെ വിശദീകരണത്തിലും വ്യാഖ്യാനത്തിലും അസാമാന്യമായ വൈഭവം പ്രകടിപ്പിച്ചിരുന്നു. ഏതു കാര്യവും നന്നായി പഠിച്ചും, ചിന്തിച്ചും പറഞ്ഞു മനസ്സിലാക്കികൊടുക്കാനുള്ള അദ്ദേഹത്തിന്റെ അസാമാന്യമായ കഴിവു സി.എം.ഐ. സഭയ്ക്കു വലിയൊരു മുതൽക്കൂട്ടായിരുന്നു. പാപമോചന ശുശ്രൂഷ നടത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യവും സന്തോഷവും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ പലപ്പോഴും രോഗാവസ്ഥ അലട്ടിയിരുന്നെങ്കിലും പ്രസന്നവദനനായി സൗമ്യതയോടും പ്രാർത്ഥനയോടും കൂടെ അതിനെ നേരിടുവാൻ ഈ വന്ദ്യവൈദികനു കഴിഞ്ഞിരുന്നു. രോഗാവസ്ഥയിലും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിക്കുവാൻ നിരവധി വൈദികരും സന്യാസിനികളും ബന്ധുക്കളും എത്തുമായിരുന്നു എന്നതു സൈറസച്ചന്റെ പുണ്യജീവിതത്തിന്റെ തെളിവാണ്. അവസാന രണ്ടു വർഷക്കാലം രോഗശയ്യയിലായിരുന്ന അദ്ദേഹം മരണത്തിനു തൊട്ടു മുമ്പുള്ള ദിനങ്ങൾ കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ആശുപത്രിയിൽ തീവ്രപരിചരണമുറിയിലാണ് ചിലവഴിച്ചത്. വിസ്മയകരമായ ദൈവവിധേയത്വത്തോടെ എല്ലാ ക്ലേശങ്ങളും സഹിച്ച അദ്ദേഹം പ്രാർത്ഥനകളും അന്ത്യകൂദാശകളും സ്വീകരിച്ചു നിരവധി വൈദികരുടെയും പ്രിയപ്പെട്ടവരുടെയും സാന്നിദ്ധ്യത്തിൽ ശാന്തനും സൗമ്യനുമായി ദൈവസന്നിധിയിലേയ്ക്കു യാത്രയായി.

കാഞ്ഞിരപ്പള്ളി മെത്രാൻ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവ് കാഞ്ഞിരപ്പള്ളി, മേരി ക്വീൻസ് ആശുപത്രിയിൽ മൃതദേഹം സന്ദർശിച്ചു പ്രാർത്ഥിച്ചു. 18-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കരിക്കാട്ടൂർ സെന്റ് ജെയിംസ് ആശ്രമ ദൈവാലയത്തിൽ ജനറൽ കൗൺസിലർ ബഹു. സെബാസ്റ്റ്യൻ തെക്കേടത്ത് അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ പ്രൊവിൻഷ്യൽ ബഹു. ജോർജ്ജ് ഇടയാടിയിൽ അച്ചനോടൊപ്പം പ്രിയോർ ഫാ. ദേവസ്സ്യ കരോട്ടെമ്പ്രേൽ, ഫാ. ജോസഫ് മണ്ണനാൽ, ഫാ. മാർട്ടിൻ മണ്ണനാൽ, ഫാ. ലൂക്കോസ് പറയരുത്തോട്ടം, ഫാ. ജോസഫ് നെടുംപറമ്പിൽ എന്നിവർ സഹകാർമ്മികരായിരുന്നു. ബഹു. സൈറസച്ചനെക്കുറിച്ച് അനുസ്മരണസന്ദേശം പറഞ്ഞത് ജനറൽ വിദ്യാഭ്യാസ കൗൺസിലർ ബഹു. സെബാസ്റ്റ്യൻ തെക്കേടത്ത് അച്ചനാണ്. കോട്ടയം പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ഫാ. ജോർജ്ജ് ഇടയാടിയിൽ, തിരുവനന്തപുരം പ്രൊവിൻഷ്യൽ ഫാ. സോജൻ മഠത്തിൽ, ഫാ. ജോസഫ് മണ്ണനാൽ എന്നിവരാണ് അന്ത്യകർമ്മങ്ങൾ നടത്തിയത്.

നിത്യസമ്മാനത്തിനായി യാത്രയായ ബഹു. സൈറസച്ചനുവേണ്ടി പ്രാർത്ഥിക്കാം. സഭാനിയമപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തുമല്ലോ.

**ഫാ. കുര്യൻ വേങ്ങത്താനം** സി.എം.ഐ.
പ്രീഫെക്റ്റ്,
സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസ്, കോട്ടയം

# Padma Bhushan Rev. Fr. Gabriel Chiramel CMI
## (1914 - 2017)

*" I have done my best in the race, I have run full distance, I have kept the faith"* ( II Tim, 4:7)



Padma Bhushan Rev. Fr. Gabriel Chiramel CMI (ne` Antony) was born on 11th December, 1914 in Manalur, Thrissur, as the second son of Mr. Pavu Chiramel and Mrs. Kunjila (Tharayil). He made his first religious profession on 24th November 1933; he was ordained a priest of Syro-Malabar rite on 30th May 1942, by Mar James Kalassery, Bishop of Changanassery. His illustrious teaching career commenced soon after at UP School, Chamapkulam followed by a brief stint of teaching the aspirants at Mannanam. He then pursued his Intermediate at S.B.College, Changanassery, a course he completed with a first rank. Fr. Gabriel took his prestigious B.A.(Hons.) in Biological Sciences with a 2nd rank from the princely Presidency College, Madras, and subsequently joined the Department of Zoology at S.H. College, Thevara as lecturer. He rose in ranks and stature, eventually to be promoted as Professor and Head of the Department. It was during this period that he discovered a new species of wood boring marine mollusk that causes dents in the platforms of fishing boats. The species was named after him as Bankia gabrieli. In 2016, on his 103rd birthday, the Arachnology Division of S.H.College, Thevara, saluted Fr.Gabriel's outstanding contributions to the college, by naming a new spider species Stenaelurillus gabrieli in his honour.

Rev. Fr. Gabriel is the co-founder of Christ College, Irinjalakkuda, along with Rev.Fr.Clemens Thottungal, (later Bishop of Sagar) the then provincial of the Devamatha Province. He served as

its first principal from 1956 to 1975 with a judicious focus on discipline, academics, arts, and sports and games so much so that in 1966 the institution was adjudged by the U.G.C. as one of the best colleges in India. In 1964 he started a section for girls on a separate campus, the seminal event behind the present St. Joseph's College for girls. After his retirement from Christ College on superannuation, he was elected Provincial of Devamatha Province, Thrissur (1975-78). His tenure as Provincial witnessed a spurt in the number of institutions chief among which are Amala Cancer Hospital and Research Centre, Amala Ayurvedic Hospital & Research Centre and Amala Homeopathic Hospital, Amala Cancer Rsearch Centre, Thrissur, Carmel School, Chalakudy, Deepthi Cultural Centre (Calicut University) and Bharathamatha School, Palakkad. His leadership skills were best visible when, braving heavy odds, he took the "less traveled" road ( as far as the CMI's were concerned) in pioneering the establishment of a cancer hospital in Thrissur responding to the crying need of the public. In the year 1980, Fr. Gabriel was elected to the Senate and Syndicate of Calicut University, where he was hugely instrumental in establishing the Chair for Christian Studies and Research.

He was an educationist of rare vintage and a doyen of zoologists. The crowning moment of all accolades bestowed upon him was when the Government of India conferred on him the nation's third highest civilian honour Padma Bhushan in the year 2007, in recognition of his sterling services in the areas of education and holistic healthcare. The award was presented to him by Dr. A.P.J.Abdul Kalam, the President of India, on 23rd March 2007, at an investiture held at *Rashtrapathi Bhavan*, New Delhi. He is the first Catholic priest ever to receive such an honour.

Rev.Fr.Gabriel passed away at the age of 103, on 11th May, 2017 at Amala Bhavan situated in the Amala Institute of Medical Sciences, where he had been staying since 1978 - a quiet and dignified passing it was. People from all walks of life, high and low, political leaders of various hues and colours, state ministers, his family, his friends and students thronged Amala to pay homage to his human remains. Among them were Archbishop Mar Andrews Thazhath,

Mar Paul Chittilppilly, Mar Raphael Thattil, Mar Bosco Puthur, Mar Jacob Manathodath ,Mar Joseph Neelamkavil, Mar Prince Panengaden, Mar Aprem, and Rev.Yoyakkim Mar Koorilose Cheeran. He was laid to rest in Christ Monastery chapel, Irinjalakuda on 13th May 2017, with full state honours. Mar George Cardinal Alanchery, the Major Arch bishop of Syro-Malabar Church along with Mar Pauly Kannukkadan, Bishop of Irinjalakuda, Mar Raphael Thattil, Aux.Bishop of Thrissur, Dr.Paul Achandy CMI, Prior General, Rev.Fr.Walter Thelappilly CMI, Provincial of Devamatha Province, and a host of priests officiated at the Holy Mass and the funeral rites. Delivering the homily, Rev. Dr. Paul Achandy CMI, portrayed Fr.Gabriel as a worthy scion of CMI family, highlighting his inimitable leadership qualities and his striking resemblance to St. Kuriakose Elias Chavara. Shri.Justice Kurian Joesph of the Hon'ble Supreme Court of India was graciously present throughout the function.

Rev.Fr. Gabriel was a visionary, and a trailblazer in conceptualizing and starting institutions with people's participation. Richly endowed with high intellectual acumen, magisterial wisdom and photographic memory, he famously retained all these three and then some, till the last. He will be remembered by those closely associated with him as an adorable icon of sublime thoughts and simple living - an awe-inspiring example in an age of contagious mediocrity and cancerous consumerism. His colleagues and subordinates have unforgettable experiences of his insistence on uncompromising discipline. His fatherly affection for his students was legendary. His bewitched students would visit him often with their family, especially on his birthdays. The verdant campus of Amala, Christ College, and Carmel, amply reveals Fr.Gabriel's passionate love for nature.

His punctuality at the common prayers, availability for celebrating Holy Mass, and the thoroughly prepared homilies – all these bespoke of his exemplary commitment to priestly and religious life. He was no less committed to the composite, multireligious and secular values of India. Those who lived with him at Amala Bhavan have fond memories especially of his "sense of community" exemplified by his earnest wish to have the whole 'family' together at the dining

table for the community dinner, and of his engaging conversation spiced with occasional sparkling wit. Of him it could rightly be said that he was "fully human and fully alive"- a latter-day epiphany of God's magnificent glory. May his soul rest in peace!

Let us pray for him by offering the suffrages for the dead in the tenor of our Directory No.58 (b).

Fr. Francis Kurissery CMI
Prefect, Amala Bhavan,
Amala Institute of Medical Sciences,
Thrissur-680555.

## For Private Circulation

*Carmela Sandesam*
CMI Bulletin
CMI Generalate, Chavara Hills
P. B. No. 3105, Kakkanad P. O
Kochi - 682030

No. 235; June 2017
Phone : 0484-2881804
0484-2881816

carmelasandesam.cmi@gmail.com


അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2017 ആഗസ്റ്റ് 15 നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part, without prior written permission prohibited.

Editor: **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media Of Communication





**Rev. Fr. Paul Achandy CMI, Prior General, meeting with Bishop Norbert Klemens Strotmann Hoppe, M.S.C, and Auxiliary Bishop Arthur Joseph Colgan, C.S.C of the Diocese of Chosica during his official visit to Peru Mission, on June 6, 2017**



**The Newly Elected Provincials and Councillors with Prior General and General Councillors at Chavara Hills for GC-PC 2017**

Print at Viani Printings, kochi - 682 018. Phone: 0484-2401635